ഹൈടെക് സ്കൂൾ പദ്ധതി

## അധ്യാപകർക്കും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കുമുള്ള വാർത്താനിർമ്മാണ പരിശീലനം

# പരിശീലന മൊഡ്യൂൾ

(കരട്)

Kerala Infrastructure and Technology for Education

നമ്മുടെ പൊതു വിദ്യാലയങ്ങളുടെ ഹൈടെക്‌വല്ക്കരണത്തിലൂടെ നൂതനമായ പഠനരീതി നടപ്പിലാക്കുന്ന പ്രവർത്തനമാണ് കേരളാ ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) കഴിഞ്ഞ രണ്ട് വർഷങ്ങളിലായി ചെയ്തുവരുന്നത്. ഈ വർഷം എല്ലാ ഹൈസ്കൂൾ–ഹയർ സെക്കന്ററി സ്ക്കുളുകളിലെ ക്ലാസ് റൂമുകളിലും കമ്പ്യൂട്ടർ അധിഷ്ഠിത ഉപകരണങ്ങൾ വിതരണം ചെയ്തു കഴിഞ്ഞു. വരും വർഷങ്ങളിൽ ഇത് പ്രൈമറിക്ലാസ്സുകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുകയാണ്.

പല വിദ്യാലയങ്ങളിലും ബഹുമുഖങ്ങളായ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തി വരുന്നത്. സ്കൂളുകളിൽ നടക്കുന്ന ഇത്തരം പരിപാടികൾ ഡോക്യുമെന്റ് ചെയ്യേണ്ടത് സ്കൂളുകളിൽ രൂപീകരിച്ചിട്ടുള്ള ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ചുമതലകളായി നിർദ്ദേശിച്ചിട്ടുമുണ്ട്. ഹൈടെക് സ്കൂളുകളിലെ മാതൃകാപരമായ പ്രവർത്തനങ്ങളും കുട്ടികളുടെ സർഗ്ഗാത്മകമായ പ്രവർത്തനങ്ങളുടെ ചിത്രീകരണങ്ങളും സംപ്രേഷണം ചെയ്യുന്നതിന് വിക്ടേഴ്സ് ചാനൽ അവസരം ഒരുക്കുകയാണ്. വാർത്താ രൂപത്തിലും ഡോക്യുമെന്ററിയായും ടെലിഫിലിമായും ഇവ ഇനി വിക്ടേഴ്സ് ചാനലിന് നൽകാം. ഇതിനായി DSLR ക്യാമറ, ടി വി എന്നിവ ഓരോ വിദ്യാലയങ്ങൾക്കും വിതരണം ചെയ്തിട്ടുണ്ട്. ആവശ്യമെങ്കിൽ വിക്ടേഴ്സ് ടീം മറ്റ് സാങ്കേതിക പിന്തുണയും സ്കൂളുകൾക്ക് ലഭ്യമാക്കുന്നതുമാണ്.

സ്കൂൾതല പ്രവർത്തനങ്ങൾ വാർത്താധിഷ്ഠിത പരിപാടികളായും ഡോക്യുമെന്ററികളായും ടെലിഫിലിമുകളായും തയ്യാറാക്കുന്നത് പരിചയപ്പെടുകയാണ് ഈ പരിശീലനത്തിന്റെ പ്രധാന ഉദ്ദേശ്യം. ഇതിനായി ഹൈസ്കൂൾ ഐ.സി.ടി പാഠപുസ്തകത്തിൽ അവതരിപ്പിച്ചിരിക്കുന്ന വീഡിയോ–ഓഡിയോ എഡിറ്റിങ് സങ്കേതങ്ങളും ഉപയോഗപ്പെടുത്തിയിരിക്കുന്നു.

ഓരോ സ്കൂളിലെയും പ്രവർത്തനങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിലൂടെ വിദ്യാലയങ്ങളിലെ പ്രവർത്തനങ്ങൾ ബഹുജനസമക്ഷം അവതരിപ്പിക്കുകയാണ്. പൊതുവിദ്യാലയങ്ങളുടെ ശാക്തീകരണപ്രവർത്തനത്തിൽ പങ്കെടുക്കാനുള്ള അവസരമാണ് ഇതിലൂടെ നമുക്ക് ലഭിക്കുന്നത്. ഓരോ സ്കൂളിലും അധ്യാപകരും വിദ്യാർഥികളുമടങ്ങുന്ന ഒരു ടീമിനെ ഇതിനായി പ്രത്യേകം സജ്ജമാക്കേണ്ടതുണ്ടല്ലോ. അതിനുതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചാണ് ഈ ദ്വിദിന പരിശീലനം ആസൂത്രണം ചെയ്തിരിക്കുന്നത്.

പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രവർത്തനങ്ങളിലൂടെ എല്ലാ പഠിതാക്കളും കടന്നു പോകുന്ന തരത്തിലുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചാണ് പരിശീലകർക്കായുള്ള ഈ മൊഡ്യൂൾ തയാറാക്കിയിരിക്കുന്നത്. മൊഡ്യൂളിൽ പരാമർശിച്ച ഓരോ സെഷനിലെയും പ്രായോഗികപ്രവർത്തനങ്ങൾ വിനിമയം ചെയ്യാൻ എല്ലാ പരിശീലകരും ശ്രദ്ധിക്കണമെന്ന് പ്രത്യേകമായി അഭ്യർഥിക്കുന്നു.

**സമയം : 9.30 – 10. 00**

**രജിസ്ട്രേഷൻ**

**സമയം : 10.00– 3. 30 – വാർത്താനിർമ്മാണം**

**പ്രവർത്തനം 1.1 വാർത്തയുടെ പൊരുൾ തേടി**

**ഒരു ഐസ് ബ്രേക്കിങ് ആക്ടിവിറ്റിയിലൂടെയാണ് സെഷൻ ആരംഭിക്കുന്നത്**

പഠിതാക്കളെ രണ്ട് വരികളായി നിർത്തുന്നു. തുടർന്ന് ഏറ്റവും മുന്നിൽ നിൽക്കുന്ന പഠിതാവിന്റെ കയ്യിൽ മുൻകൂട്ടി തയ്യാറാക്കിയ ഒരു സ്ലിപ്പ് നല്കുന്നു. അതിൽ ഒരു വാചകം ഉണ്ടായിരിക്കും.

ഉദാ :
*വാചകം 1.*

- പച്ചക്കറി വില പിടിച്ചുനിർത്താൻ കഴിയാത്ത അവസ്ഥയിൽ ജീവിതചെലവുകൾ വർധിക്കുന്നു. നമുക്ക് പച്ചക്കറികൃഷി ചെയ്ത് പരിഹാരം തേടാം.

*വാചകം 2.*

- പ്രളയാനന്തരം ആലപ്പുഴയിൽ നടന്ന കൗമാരകലോത്സവം ശരിക്കും കേരളത്തിന്റെ അതിജീവനോത്സവമായി

ഇത് മുന്നിൽ നിൽക്കുന്നയാൾ വായിച്ച് മനസ്സിലാക്കിയതിന് ശേഷം തൊട്ട് പിന്നിൽ നിൽക്കുന്നയാളോട് രഹസ്യമായി പറയാൻ പറയണം. അങ്ങനെ ഓരോരുത്തരും തന്റെ പിന്നിലുള്ളയാളോട് വാചകം പറഞ്ഞ് അവസാനത്തെയാളിലെത്തുമ്പോൾ, പരിശീലകൻ വാചകം എഴുതി വാങ്ങുന്നു. ആദ്യം കൊടുത്ത വാചകവും അവസാനം ലഭിച്ച വാചകവും വായിച്ചു കേൾപ്പിക്കുന്നു.

ക്രോഡീകരണം

- ആദ്യ വാചകവും അവസാന വാചകവും തമ്മിലുള്ള വ്യത്യാസം.
- വാർത്തകൾ പല കൈ മറിഞ്ഞ് വരുമ്പോഴുണ്ടാകുന്ന കമ്മ്യൂണിക്കേഷൻ ഗ്യാപ്.
- യഥാർത്ഥ സംഭവവുമായി ബന്ധമില്ലാത്ത തരത്തിൽ വാർത്തകൾ മാറ്റിമറിക്കപ്പെടുന്നു.
- ഇതുപോലെ ഒരേ വാർത്ത പല മാധ്യമങ്ങളിലും പല രീതിയിൽ അവതരിപ്പിക്കപ്പെടുന്നു.
- ..........................................
- .........................................

വാർത്തകൾ എപ്പോഴും സത്യസന്ധമായിരിക്കണമെന്ന് പരിശീലകൻ സൂചിപ്പിക്കുന്നു.

**<u>പ്രവർത്തനം 1.2 : കോഴ്സ് ബ്രീഫിങ്</u>**

ആമുഖത്തിൽ പറഞ്ഞിട്ടുള്ള വിശദാംശങ്ങൾ പ്രയോജനപ്പെടുത്തി പരിശീലകൻ കോഴ്സ് ബ്രീഫിങ് നടത്തുന്നു.

ഐസ് ബ്രേക്കിങ് ആക്ടിവിറ്റിയുടെ ക്രോഡീകരണത്തിന്റെ ചുവടു പിടിച്ച് സ്കൂൾതല പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നതിനുള്ള തയ്യാറെടുപ്പ് നടത്തുന്നതിനെക്കുറിച്ചും ഇവിടെ സൂചന നൽകേണ്ടതാണ്.

**പ്രവർത്തനം – 1.3 : സ്കൂൾ തല പ്രവർത്തനങ്ങൾ എത്രത്തോളം**

പാഠ്യ പാഠ്യേതര വിഷയങ്ങളിൽ നിരവധി പ്രവർത്തനങ്ങൾ ഇന്ന് സ്കൂളുകളിൽ നടക്കുന്നുണ്ട്. പലതും മാതൃകാ പരമായ പ്രവർത്തനങ്ങൾ ആയിരിക്കും. ഈ പ്രവർത്തനങ്ങൾ പൊതുജനങ്ങളിലേക്ക് ശരിയായ രീതിയിൽ വിവിധ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കാൻ സാധ്യതകൾ നിലവിലുണ്ടായിട്ടും മിക്കപ്പോഴും ഏതെങ്കിലും പത്രത്തിലെ പ്രാദേശിക വാർത്തയായി മാത്രം ചുരുങ്ങിപ്പോകുന്നു. സാങ്കേതിക വിദ്യ സഹായത്തോടെ ഇവ കൂടുതൽ പേരിലേക്ക് എത്തിക്കുവാൻ ഇന്നത്തെ കാലത്ത് വളരെ എളുപ്പമാണ്. ഒരോ സ്കൂളുകളിലും നടന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ പങ്കുവെക്കാനും മറ്റുള്ളവരുടെ പ്രവർത്തനങ്ങൾ പരിചയപ്പെടാനുമുള്ള അവസരമാണ് ഈ സെഷനിലൂടെ നൽകേണ്ടത്.

**ഉദ്ദേശ്യങ്ങൾ**

- സ്കൂൾതല പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നതിനും പരിചയപ്പെടുന്നതിനും
- സ്കൂളിൽ നടക്കുന്ന വാർത്താ പ്രാധാന്യമുള്ള പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിന്
- സ്കൂൾതല പ്രവർത്തനങ്ങൾ വാർത്തകളായി പ്രചരിപ്പിക്കാനുള്ള വിവിധ സാധ്യതകൾ കണ്ടെത്തുന്നതിന്

**സാമഗ്രികൾ**

- News_Resources/Day1/Activity1.3 ഫോൾഡറിലുള്ള ചിത്രങ്ങൾ (1.png, 2.png, 3.jpg, 4.png)

**പ്രവർത്തനക്രമം**

സ്കൂൾതല പ്രവർത്തനങ്ങളുടെ വാർത്തകളോ മറ്റ് ക്ലിപ്പിങ്ങുകളോ ആരുടെയെങ്കിലും കൈവശം ഉണ്ടോ എന്ന് ആർ.പി ചോദിക്കുന്നു. ഉണ്ടെങ്കിൽ ഒന്നുരണ്ടെണ്ണം പൊതുവായി പ്രദർശിപ്പിക്കുന്നു.(ഇത്തരം വാർത്തകളുടെ ചിത്രങ്ങൾ പരിശീലകൻ മുൻകൂട്ടി ശേഖരിക്കേണ്ടതാണ്.)

തുടർന്ന് സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ നടന്ന വാർത്താ പ്രാധാന്യമുള്ള ചില പ്രവർത്തനങ്ങളുടെ ചിത്രങ്ങളും പത്രവാർത്തകളും (News_Resources/Day1/Activity1.3 എന്ന ഫോൾഡറിലുള്ള ചിത്രങ്ങൾ) പരിശീലകൻ പ്രദർശിപ്പിക്കുന്നു.

പരിശീലകൻ അവതരിപ്പിക്കുന്നു.

ഇതേ മാതൃകയിൽ നിങ്ങളുടെ സ്കൂളിൽ നടന്ന പ്രവർത്തനങ്ങൾ ഒന്നു ലിസ്റ്റ് ചെയ്യാമോ?

പഠിതാക്കൾ സ്വന്തം സ്കൂളിൽ നടന്നിട്ടുള്ള പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യുന്നു.

ഏതാനും പ്രതികരണങ്ങൾ പൊതുവായി അവതരിപ്പിക്കുന്നു. അവതരണത്തിന്റെ ചുവടുപിടിച്ച് താഴെ പറയുന്ന ചോദ്യങ്ങളിലൂടെ ചർച്ച തുടരുന്നു

- ലിസ്റ്റ് ചെയ്തവയിൽ വാർത്താ പ്രാധാന്യമുള്ളവ എതെല്ലാമാണ്?
- അവയ്ക്ക് വാർത്താപ്രാധാന്യം ലഭിക്കാനുണ്ടായ വസ്തുകകൾ എന്തൊക്കെയാവാം?
- നിങ്ങളുടെ സ്കൂളിൽ നടന്ന പ്രവർത്തനങ്ങൾ പത്രവാർത്തകളിൽ/ചാനൽ വാർത്തകളിൽ ഇടംപിടിക്കുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തെല്ലാം? എന്തുകൊണ്ടാവാം?
- ഏതെല്ലാം മാർഗങ്ങളിലൂടെയാണ് നാം വാർത്തകൾ പ്രചരിപ്പിക്കാറുള്ളത്?
- ..........................

– പൊതു ചർച്ച

പരിശീലകന്റെ ക്രോഡീകരണം.

- മിക്ക സ്കൂളുകളിലും നിരവധി പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഇവയിൽപലതും ശരിയായ രീതിയിൽ വാർത്താ പ്രാധാന്യം നേടുന്നില്ല.
- പ്രചരിപ്പിക്കാൻ നിരവധി സാധ്യതകൾ നിലവിലുണ്ട്. (വാർത്താമാധ്യമങ്ങൾ, ദൃശ്യമാധ്യമങ്ങൾ, നവമാധ്യമങ്ങൾ, സ്കൂൾവിക്കി, ...............)
- ചാനൽ വാർത്തകളായി പ്രക്ഷേപണം ചെയ്യുന്നതിന് മികച്ച നിലവാരത്തിലുള്ള വാർത്തകൾ ആവശ്യമാണ്. ഇവ തയാറാക്കുന്നതിന് അനുയോജ്യമായ ഉപകരണങ്ങളും വേണം.

തുടർന്ന് വാർത്തകളുടെ മറ്റു തലങ്ങളെക്കുറിച്ച് സൂചിപ്പിക്കുന്നതിന് പരിശീലകൻ താഴെ പറയുന്ന ചോദ്യം ഉന്നയിക്കുന്നു.

സാധാരണ നമ്മുടെ സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങളെ കൂടാതെ പ്രാദേശികമായി അവതരിപ്പിക്കാൻ കഴിയുന്ന വാർത്താ പ്രാധാന്യമുള്ള മറ്റ് വിഷയങ്ങൾ ഉണ്ടോ ?

– പൊതു ചർച്ച

**പരിശീലകന്റെ ക്രോഡീകരണം.**

- പ്രാദേശിക ചരിത്രം, ചരിത്ര സ്മാരകങ്ങൾ, പരമ്പരാഗത തൊഴിലുകൾ, മഹത് വ്യക്തികൾ, ജൈവവൈവിധ്യങ്ങൾ, ചരിത്ര പ്രാധാന്യമുള്ള സ്ഥാപനങ്ങൾ , സ്കൂളിന്റെ ചരിത്രം, തുടങ്ങിയ സാധ്യതകളും വാർത്തകളിലും ഡോക്യുമെന്ററികളുമായി തയാറാക്കാൻ സാധിക്കുന്ന വിഷയങ്ങളാണ്.

**<u>പ്രവർത്തനം – 1.4 : വാർത്ത കാണാം</u>**

രണ്ട് ദിവസമായി നടക്കുന്ന പരിശീലനത്തിലെ പ്രധാനപ്രവർത്തനങ്ങളെല്ലാം ഗ്രൂപ്പ് പ്രവർത്തനമായാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതിനായി പഠിതാക്കളെ വ്യത്യസ്ത ഗ്രൂപ്പുകളാക്കണം. ഇതിന്റെ ആസൂത്രണമാണ് ഈ സെഷനിൽ നടക്കേണ്ടത്. ഓരോ ഗ്രൂപ്പും അവർക്ക് ലഭിക്കുന്ന വിഷയത്തിൽ വാർത്ത തയാറാക്കുകയാണ് പരിശീലനത്തിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി അവർ തിരഞ്ഞെടുക്കുന്ന വിഷയം പരിശീലനകേന്ദ്രത്തിന് സമീപത്ത് നിന്ന് ചിത്രീകരിക്കാൻ കഴിയുന്നതാവണം.

വാർത്താ അവതരണത്തിന്റെ ഒരു മാതൃക പരിചയപ്പെടുത്തുന്ന പ്രവർത്തനത്തിലൂടെയാണ് ഈ സെഷൻ ആരംഭിക്കുന്നത്.

**ഉദ്ദേശ്യങ്ങൾ**

- വാർത്താ അവതരണത്തിന്റെ ഒരു മാതൃക കണ്ട് മനസിലാക്കുന്നതിന്
- പരിശീലനത്തിനായി പഠിതാക്കളെ ഗ്രൂപ്പുകളാക്കുന്ന പ്രവർത്തനം ആസൂത്രണം ചെയ്യുന്നതിന്

**സാമഗ്രികൾ**

- News_Resources/Day1/Activity1.4 എന്ന ഫോൾഡറിലുള്ള bloodmoon_1.mp4 എന്ന വീഡിയോ.

**പ്രവർത്തനക്രമം**

പരിശീലകൻ പഠിതാക്കളെ നാല് ഗ്രൂപ്പുകളാക്കുന്നു

തുടർന്ന്, News_Resources/Day1/Activity1.4 ഫോൾഡറിലെ bloodmoon_1.mp4 എന്ന എന്ന വാർത്താശകലം പ്രദർശിപ്പിച്ച് പരിശീലകൻ അവതരിപ്പിക്കുന്നു

*ദേശീയ ശാസ്ത്ര ദിനത്തിൽ ലിറ്റിൽ കൈറ്റ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സിമുലേഷൻ സോഫ്റ്റ്‌വെയറായ സ്റ്റെല്ലേറിയം ഉപയോഗിച്ച് ബ്ലഡ്മൂൺ എന്ന പ്രതിഭാസം കുട്ടികൾക്ക് അനുഭവേദ്യമാകുന്ന ഒരു ക്ലാസ്സ് കോട്ടൺഹിൽ സ്കൂളിൽ നടത്തി.* ഇത് ഒരു വാർത്തയായി അവതരിപ്പിച്ചിരിക്കുന്നത് നോക്കൂ.

പഠിതാക്കൾ വീഡിയോ കാണുന്നു.

പരിശീലകൻ അവതരിപ്പിക്കുന്നു

ഈ രീതിയിൽ, നമ്മുടെ സ്കൂളിൽ നടക്കുന്ന പ്രധാനപ്രവർത്തനങ്ങളെ നമുക്കും വാർത്തയാക്കി അവതരിപ്പിക്കാമല്ലോ.

നിങ്ങൾ ലിസ്റ്റ് ചെയ്ത പ്രവർത്തനങ്ങളിൽ നിന്നും ഇപ്പോൾ (പരിശീലന കേന്ദ്രത്തിന് സമീപ സാഹചര്യങ്ങളിൽ നിന്നും) ചിത്രീകരിക്കാൻ കഴിയുന്ന വാർത്താ പ്രാധാന്യമുള്ള ഒരു വിഷയം തിരഞ്ഞെടുക്കൂ.

ഗ്രൂപ്പ് പ്രവർത്തനം – തിരഞ്ഞെടുത്ത വിഷയം ഓരോ ഗ്രൂപ്പും അവതരിപ്പിക്കട്ടെ.

ചിത്രീകരണത്തിന്റെ സാധ്യതയും വിഷയത്തിന്റെ പ്രാധാന്യവും കണക്കിലെടുത്ത് പൊതുവായി ഒരോ വിഷയം ഓരോ ഗ്രൂപ്പും തിരഞ്ഞെടുക്കുന്നു.

## പ്രവർത്തനം – 1.5 : വാർത്ത കണ്ടെത്താം തയാറാക്കാം

സ്കൂളിലെ വിവിധ പ്രവർത്തനങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നതിനുള്ള സാധ്യത മുൻ പ്രവർത്തനത്തിലെ വീഡിയോയിലൂടെ കണ്ടുകഴിഞ്ഞു. വാർത്തയായി അവതരിപ്പിക്കപ്പെടേണ്ട പ്രവർത്തനം ഏതെന്ന് മുൻ പ്രവർത്തനത്തിൽ ഓരോ ഗ്രൂപ്പും തീരുമാനിക്കുകയും ചെയ്തു.

ഈ പ്രവർത്തനം വാർത്തയായി അവതരിപ്പിക്കാൻ വിഷ്വലുകൾ ശേഖരിക്കേണ്ടതുണ്ട്. ഈ പ്രവർത്തനമാണ് ഇവിടെ പരിചയപ്പെടുന്നത്.

**ഉദ്ദേശ്യങ്ങൾ**

- ഒരു വിഷയത്തെക്കുറിച്ചുള്ള വാർത്തകൾക്കാവശ്യമായ വിഷ്വലുകൾ ശേഖരിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
- വാർത്താക്കാവശ്യമായ വിവരണം തയാറാക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

**സാമഗ്രികൾ/മുന്നൊരുക്കം**

- News_Resources/Day1/Activity1.4 എന്ന ഫോൾഡറിലുള്ള bloodmoon_1.mp4 എന്ന വീഡിയോ.
- പഠിതാക്കളെ 4 ഗ്രൂപ്പുകളാക്കി തിരിക്കണം.

**പ്രവർത്തനക്രമം :**

പരിശീലകൻ അവതരിപ്പിക്കുന്നു.

സ്കൂളിൽ ലഭ്യമായ ഹൈടെക് ഉപകരണങ്ങൾ ഉപയോഗിച്ചുള്ള അധ്യയനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട്, സ്കൂളിൽ നടന്ന ഒരു പ്രവർത്തനത്തിന്റെ വാർത്താരൂപം നാം കണ്ടല്ലോ

- ഈ വാർത്തയിൽ എന്തെല്ലാം കാര്യങ്ങൾക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളത് ?
- ഏതെല്ലാം തരത്തിലുള്ള വിഷ്വലുകൾ ഉൾപ്പെടുത്തിയിട്ടുണ്ട് ?
- ഒരു വാർത്തയുടെ വിഷ്വലുകൾ ശേഖരിക്കുമ്പോൾ മറ്റെന്തെല്ലാം മുന്നൊരുക്കങ്ങൾ വേണം?
- . . . . . . . . .

പൊതു ചർച്ച

മുൻ സെഷനിൽ കണ്ട വാർത്തയെ അടിസ്ഥാനമാക്കിയാണ് പഠിതാക്കളുടെ ചർച്ചയെ ക്രോഡീകരിക്കേണ്ടത്.

ക്രോഡീകരണം

- എവിടെയാണ് ക്ലാസ്സ് നടന്നത്, എന്നാണ് ക്ലാസ്സ് നടന്നത്, എത്ര പേരുടെ പങ്കാളിത്തമുണ്ടായിരുന്നു. എന്നിവയെല്ലാം വാർത്തയിൽനിന്ന് വ്യക്തമാകണം.
- സ്കൂളിന്റെയും, കുട്ടികളുടേയും, ക്ലാസ്സ് എടുക്കുന്നതിന്റെയും വിഷ്വലുകൾ.
- കുട്ടികളുടെ പങ്കാളിത്തം വ്യക്തമാകുന്ന വിഷ്വലുകൾ.
- ആവശ്യമായ വിവരണം.
- ............
- .............

തുടർന്ന് പ്രസ്തുത വാർത്തയുടെ ക്ലിപ്പിങ് (bloodmoon_1.mp4) വീണ്ടും പ്രദർശിപ്പിക്കുന്നു.

ഇപ്പോൾ നാം സൂചിപ്പിച്ച കാര്യങ്ങളുടെ അടിസ്ഥാനത്തിൽ വാർത്ത ഒരിക്കൽ കൂടി പഠിതാക്കൾ കാണട്ടെ.

തുടർന്ന്, ഓരോ ഗ്രൂപ്പും കണ്ടെത്തിയ വിഷയം വാർത്തയായി പ്രദർശിപ്പിക്കാനാവശ്യമായ മുന്നൊരുക്കങ്ങൾ, ആസൂത്രണം എന്നിവ ഓരോ ഗ്രൂപ്പും നടത്താൻ പരിശീലകൻ ആശ്യപ്പെടുന്നു. ഗ്രൂപ്പ് പ്രവർത്തനമാണെങ്കിലും, വിഷ്വലുകൾ ഓരോരുത്തരും അവരവരുടെ ക്യാമറയിൽ പ്രത്യേകം ഷൂട്ട് ചെയ്യണം എന്ന് പരിശീലകൻ സൂചിപ്പിക്കുന്നു.

വാർത്തക്കാവശ്യമായ വിഷ്വലുകൾ ക്യാമറ ഉപയോഗിച്ച് ഷൂട്ട് ചെയ്യുന്നതെങ്ങിനെയെന്ന് നോക്കാം എന്നു പറഞ്ഞുകൊണ്ട് പരിശീലകൻ അടുത്ത പ്രവർത്തനത്തിലേക്ക് പ്രവേശിക്കുന്നു.

തിരഞ്ഞെടുക്കുന്ന വിഷയം വാർത്തയായി എങ്ങിനെ അവതരിപ്പിക്കപ്പെടണം എന്ന് മുൻകൂട്ടി തീരുമാനിച്ചുവേണം വാർത്തക്കായി ആവശ്യമുള്ള വിഷ്വലുകൾ ശേഖരിക്കാൻ എന്ന കാര്യം ഇവിടെ പ്രത്യേകം ഓർമ്മിക്കേണ്ടതാണ്.

<u>പ്രവർത്തനം – 1.6 : ക്യാമറ പരിചയപ്പെടാം</u>

സ്കൂളുകൾക്ക് ലഭ്യമായ ക്യാമറ (Canon EOS 1500D) ഉപയോഗിച്ച് വിഷ്വലുകൾ ശേഖരിക്കുന്നതിന് അവശ്യം അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങൾ പരിചയപ്പെടുത്തുകയാണ് ഈ പ്രവർത്തനത്തിന്റെ ഉദ്ദേശ്യം. ഒരു വീഡിയോ ചിത്രീകരിക്കുന്നതിന് ക്യാമറ ഉപയോഗിക്കുന്നതിനുള്ള പ്രാഥമിക നിർദ്ദേശങ്ങൾ മാത്രമാണ് ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. (ഷൂട്ടിങ്ങിന്റെ കൂടുതൽ വിശദാംശങ്ങൾ ഈ ഘട്ടത്തിൽ അവതരിപ്പിക്കേണ്ടതില്ല)

**ഉദ്ദേശ്യങ്ങൾ**

- Canon EOS 1500D ക്യാമറയിൽ SD കാർഡ്, ബാറ്ററി എന്നിവ ഇൻസ്റ്റാൾ ചെയ്യുന്നതിനുള്ള ശേഷി നേടുന്നതിന്.
- Canon EOS 1500D ക്യാമറ വീഡിയോ മോഡിൽ സെറ്റുചെയ്ത് വീഡിയോ ചിത്രീകരിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

**സാമഗ്രികൾ/മുന്നൊരുക്കം**

- Canon EOS 1500D ക്യാമറ
- News_Resources/Day1/Activity1.6 എന്ന ഫോൾഡറിലുള്ള camera_basics.mp4 എന്ന വീഡിയോ.
- Camera : Video Tutorials

https://www.youtube.com/playlist?list=PLFMb-2_G0bMaHl9h6fRzvydQ-_LUW6PqK

**പ്രവർത്തനക്രമം :**
പരിശീലകൻ അവതരിപ്പിക്കുന്നു.

- എല്ലാവരും ക്യാമറ ഉപയോഗിച്ചിട്ടുള്ളവരല്ലേ? ഏതെല്ലാം ക്യാമറകളാണ് നിങ്ങൾ കൈകാര്യം ചെയ്തിട്ടുള്ളത് ?
  ............................................................

- DSLR (*digital single-lens reflex)* ക്യാമറകൾ ഉപയോഗിച്ചിട്ടുണ്ടോ?
- ഇത്തരം ക്യാമറകളിൽ വിഷ്വലുകൾ ഷൂട്ട് ചെയ്യുന്നതെങ്ങിനെയാണ് ?
- ........

പഠിതാക്കളുടെ പ്രതികരണങ്ങൾക്ക് ശേഷം പരിശീലകൻ ക്രോഡീകരിക്കുന്നു.

- മൊബൈൽ ക്യാമറകളും സാധാരണ ഡിജിറ്റൽ ക്യാമറകളുമാണ് വിഷ്വലുകൾ ഷൂട്ട് ചെയ്യാൻ സാധാരണ ഉപയോഗിക്കുന്നത്.
- എന്നാൽ മികച്ച വിഷ്വലുകൾ ലഭ്യമാകണമെങ്കിൽ DSLR ക്യാമറകളോ അതിലും ക്വാളിറ്റി കൂടിയ ക്യാമറകളോ ഉപയോഗിക്കണം.

ഹൈടെക് പദ്ധതി പ്രകാരം സ്കൂളുകൾക്ക് ലഭ്യമാക്കിയിട്ടുള്ളത് Canon EOS 1500D ക്യാമറയാണ്. ഈ ക്യാമറ ഉപയോഗിക്കുന്നതിന് അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമെന്ന് നോക്കാം എന്നു പറഞ്ഞുകൊണ്ട് പരിശീലകൻ camera_basics.mp4 എന്ന വീഡിയോ പ്രദർശിപ്പിക്കുന്നു.

ക്യാമറയിൽ ഓരോ മോഡും ക്രമീകരിക്കുന്നത് വീഡിയോയിൽ കാണിക്കുന്ന സന്ദർഭത്തിൽ വീഡിയോ pause ചെയ്ത് പരിശീലകൻ ആവശ്യമായ വിശദീകരണം നൽകുന്നു. പഠിതാക്കൾ, അവരുടെ കൈയിലുള്ള ക്യാമറയിൽ ഓരോ ക്രമീകരണവും പരിശീലിക്കുന്നു. അവശ്യമെങ്കിൽ പരിശീലകൻ ഇടപെടണം.

## <u>പ്രവർത്തനം - 1.7 : വിഷ്വലുകൾ ശേഖരിക്കാം</u>

വാർത്തക്കാവശ്യമായ വീഡിയോ ഷൂട്ട് ചെയ്യുന്നസെഷൻ.

ക്യാമറ ഉപയോഗത്തിൽ ഓരോരുത്തർക്കും ഉള്ള അറിവുകൾ ഉപയോഗപ്പെടുത്തിയാണ് ഈ സെഷനിൽ പഠിതാക്കൾ ഷൂട്ടിങ് നടത്തേണ്ടത്. ഇതിനായി camera_basics.mp4 എന്ന വീഡിയോയിൽ പരിചയപ്പെട്ട കാര്യങ്ങൾ മാത്രമാണ് പരിശീലകന്റെ ഭാഗത്തുനിന്നും അവർക്ക് ലഭിക്കേണ്ടത്. ഓരോ ഗ്രൂപ്പും സ്വതന്ത്രമായി ഷൂട്ട് ചെയ്യട്ടെ.

ഓരോ ഗ്രൂപ്പും വിഷ്വൽ ഷൂട്ട് ചെയ്യുന്നു – Out door പ്രവർത്തനം

## <u>പ്രവർത്തനം – 1.8 : വീഡിയോ കമ്പ്യൂട്ടറിലേക്ക് പകർത്താം</u>

ക്യാമറ ഉപയോഗിച്ച് ഷൂട്ട് ചെയ്ത വിഷ്വലുകൾ എഡിറ്റു ചെയ്യുന്നതിനും മറ്റാവശ്യങ്ങൾക്കും കമ്പ്യൂട്ടറിലേക്ക് പകർത്തേണ്ടതുണ്ട്. ക്യാമറയിലെ SD കാർഡ് പുറത്തെടുത്ത് അതിൽ സ്റ്റോർ ചെയ്തിട്ടുള്ള വിഷ്വലുകൾ കമ്പ്യൂട്ടറിലേക്ക് പകർത്തുന്നതെങ്ങിനെയെന്നാണ് ഈ സെഷനിൽ പരിചയപ്പെടുത്തുന്നത്.

### ഉദ്ദേശ്യങ്ങൾ

- ക്യാമറയിലെ SD കാർഡിലുള്ള ഫയലുകൾ കമ്പ്യൂട്ടറിലേക്ക് കോപ്പി ചെയ്യുന്നതിനുള്ള ശേഷി നേടുന്നതിന്.

### സാമഗ്രികൾ/മുന്നൊരുക്കം

- വിഷ്വലുകൾ ഷൂട്ട് ചെയ്ത ക്യാമറ.

### പ്രവർത്തനക്രമം

പരിശീലകൻ ചോദിക്കുന്നു

- ക്യാമറയിൽ പകർത്തിയ ദൃശ്യങ്ങൾ അതുപോലെ ഉപയോഗിക്കാൻ കഴിയുമോ?
- സദസ്സിനുമുമ്പിൽ അവതരിപ്പിക്കാനും എഡിറ്റു ചെയ്യാനും വിഷ്വലുകൾ ക്യാമറയിൽ നിന്ന് പുറത്തെടുക്കുന്നത് എങ്ങിനെ ?
- ...........

പരിശീലകൻ ക്രോഡീകരിക്കുന്നു.

- ക്യാമറയിലുള്ള ദൃശ്യങ്ങൾ കമ്പ്യൂട്ടറിലേക്ക് പകർത്തിയാണ് അവതരണവും എഡിറ്റിങ്ങും നടത്തുന്നത്.
- ക്യാമറയിൽ നിന്നും SD കാർഡ് എടുത്ത് അത് കമ്പ്യൂട്ടറിൽ ഇൻസർട്ട് ചെയ്യണം (ഇവിടെ കാർഡ് റീഡറുകൾ ഉപയോഗിക്കാമെന്ന് സൂചിപ്പിക്കാം).
- കാർഡിലുള്ള ദൃശ്യങ്ങൾ കമ്പ്യൂട്ടറിലേക്ക് പകർത്തണം.
- ..........

തുടർന്ന് പരിശീലകന്റെ സഹായത്തോടെ പഠിതാക്കൾ കാർഡിൽനിന്നും വീഡിയോകളും സ്റ്റില്ലുകളും കോപ്പിചെയ്ത് അവരവരുടെ കമ്പ്യൂട്ടറുകളിലേക്ക് പകർത്തുന്നു.

ഇതിനായി പ്രത്യേകം ഫോൾഡർ തയാറാക്കുന്ന കാര്യം ഇവിടെ സൂചിപ്പിക്കേണ്ടതാണ്.

**സമയം : 1.00 – 1.40 ഉച്ചഭക്ഷണം**

**<u>പ്രവർത്തനം – 1.9 : വിഷ്വലുകളുടെ അവതരണം, വിലയിരുത്തൽ</u>**

ക്യാമറയിൽ നിന്ന് കമ്പ്യൂട്ടറിലേക്ക് പകർത്തിയ വിഷ്വലുകളിൽ വാർത്തക്കാവശ്യമായവ മാത്രം തിരഞ്ഞെടുത്ത് പ്രദർശിപ്പിക്കുകയാണ് ഈ സെഷനിൽ നടക്കേണ്ടത്. പ്രദർശനത്തോടൊപ്പം ആ വാർത്ത എങ്ങിനെയാണ് അവതരിപ്പിക്കപ്പെടുന്നത് എന്ന് വിശദീകരിക്കുന്നതിനുള്ള അവസരവും നൽകേണ്ടതാണ്.

**ഉദ്ദേശ്യങ്ങൾ :**

- കമ്പ്യൂട്ടറിലുള്ള വിഷ്വലുകൾ സദസ്സിനുമുമ്പിൽ അവതരിപ്പിക്കുന്നതിന്.
- ഷൂട്ട് ചെയ്ത വിഷ്വകളെ വിലയിരുത്തുന്നതിന്.

**സാമഗ്രികൾ/മുന്നൊരുക്കം :**

- കമ്പ്യൂട്ടറിലേക്ക് പകർത്തിയ വിഷ്വലുകൾ

**പ്രവർത്തനക്രമം :**

പരിശീലകൻ ആവശ്യപ്പെടുന്നു

- ഓരോ ഗ്രൂപ്പും അവർ ക്യാമറയിൽ പകർത്തിയ ദൃശ്യങ്ങളിൽ കണ്ട് ഏറ്റവും മികച്ച ദൃശ്യങ്ങൾ തിരഞ്ഞെടുക്കുക
- ഓരോ ഗ്രൂപ്പും തിരഞ്ഞെടുത്ത വിഷ്വലുകൾ മാത്രം അവതരിപ്പിക്കുക.

ഓരോ ദൃശ്യവും പ്രദർശിപ്പിക്കുമ്പോൾ, പ്രസ്തുത വിഷ്വലുകൾ വാർത്തയായി അവതരിപ്പിക്കപ്പെടുന്നതെങ്ങനെയെന്ന വിശദീകരണം നൽകാൻ ഗ്രൂപ്പിനോട് പരിശീലകൻ ആവശ്യപ്പെടുന്നു. ഓരോ ഗ്രൂപ്പിന്റേയും അവതരണത്തിനുശേഷവും പരിശീലകൻ മറ്റുഗ്രൂപ്പുകളോട് വിഷ്വലുകളെ വിലയിരുത്താനാവശ്യപ്പെടണം. ഇതോടൊപ്പം താഴെ നൽകിയിട്ടുള്ള ചോദ്യങ്ങൾ കൂടി അഡ്രസ്സ് ചെയ്യപ്പെടണം.

- നാം ഇപ്പോൾ ചിത്രീകരിക്കപ്പെട്ട വിഷ്വലുകൾ സംപ്രേഷണയോഗ്യമാണോ ?
- എന്തെല്ലാമാണ് പരിമിതികൾ ?
- കൂടുതൽ നല്ല വിഷ്വലുകൾ ശേഖരിക്കുന്നതിന് എന്തെല്ലാം ശ്രദ്ധിക്കണം ?
- വാർത്തയുടെ സ്ക്രിപ്റ്റ് പ്രത്യേകം തയാറാക്കേണ്ടതുണ്ടോ ?
- . . . . . . . . .

അഭിപ്രായങ്ങൾ പരിശീലകൻ ക്രോഡീകരിക്കുന്നു.

- ഷൂട്ട് ചെയ്ത ദൃശ്യങ്ങൾ പലതും വ്യക്തത കുറഞ്ഞതാണ്.
- ചിത്രത്തോടൊപ്പമുള്ള ശബ്ദം വ്യക്തമല്ല.
- ..........

നിലവാരം പുലർത്തുന്ന ദൃശ്യങ്ങൾ എടുത്ത ഗ്രൂപ്പിനെ പ്രത്യേകം അഭിനന്ദിക്കാൻ മറക്കരുത്.
ഇനി ഒരു വീഡിയോ ചിത്രീകരിക്കുമ്പോൾ എന്തെല്ലാം ശ്രദ്ധിക്കണമെന്ന ചോദ്യം ഉന്നയിച്ചുകൊണ്ട് പരിശീലകൻ അടുത്ത പ്രവർത്തനം അവതരിപ്പിക്കുന്നു.

**<u>പ്രവർത്തനം – 1.10 : നിലവാരമുള്ള വിഷ്വലുകൾ ചിത്രീകരിക്കാം</u>**

ഒരു ക്യാമറ കൈയിലുള്ള ആർക്കും വീഡിയോ ചിത്രീകരിക്കാമല്ലോ. എന്നാൽ സംപ്രേഷണയോഗ്യമായ തരത്തിൽ നിലവാരമുള്ള ഒരു വാർത്താ ശകലമോ ഡോക്യുമെന്ററിയോ ചിത്രീകരിക്കുമ്പോൾ ധാരാളം കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. ചിത്രീകരിക്കുന്ന വീഡിയോയുടെയുടെ നിലവാരം ഉറപ്പിക്കുന്നതിന് അവശ്യം അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങളാണ് ഇവിടെ ചർച്ചചെയ്യപ്പെടുന്നത്. മുൻപ്രവർത്തനത്തിന്റെ ക്രോഡീകരണത്തിന്റെ തുടർച്ചയായാണ് ഈ പ്രവർത്തനം അവതരിപ്പിക്കേണ്ടത്.

**ഉദ്ദേശ്യങ്ങൾ :**

- ഒരു വാർത്താശകലത്തിന്റെ വീഡിയോ ചിത്രീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ മനസ്സിലാക്കുന്നതിന്.

**സാമഗ്രികൾ/മുന്നൊരുക്കം :**

- News_Resources/Day1/Activity1.10 എന്ന ഫോൾഡറിലുള്ള making_video.pdf എന്ന പ്രസന്റേഷൻ

**പ്രവർത്തനക്രമം :**

ഓരോ ഗ്രൂപ്പും അവതരിപ്പിച്ച വീഡിയോയും കണ്ടശേഷം അതിന്റെ വിവയിരുത്തലായി വേണം ഈ പ്രർത്തനം അവതരിപ്പിക്കേണ്ടത്.
എല്ലാ ഗ്രൂപ്പും അവതരണം പൂർത്തിയാക്കിശേഷം പരിശീലകൻ അവതരിപ്പിക്കുന്നു.
ഒരു വീഡിയോ, പ്രത്യേകിച്ച് വാർത്തശകലങ്ങൾ സംപ്രേഷണയോഗ്യമാകുന്ന തരത്തിൽ ചിത്രീകരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമെന്ന് നോക്കാം.

പരിശീലകൻ News_Resources/Day1/Activity1.10 ഫോൾഡറിലെ making_video.pdf എന്ന പ്രസന്റേഷൻ പ്രദർശിപ്പിക്കുന്നു. ഓരോ സ്ലൈഡും കാണിക്കുമ്പോൾ വേണ്ട വിശദീകരണങ്ങൾ നൽകണം (അനുബന്ധം നോക്കുക). വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പിൽ ചർച്ച ചെയ്ത് സ്ക്രിപ്റ്റിൽ ഭേദഗതി വരുത്താമെന്ന് പരിശീലകൻ സൂചിപ്പിക്കുന്നു.

**വാർത്തയ്ക്കായി വീഡിയോ ചിത്രീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**
(making_video.pdf പ്രസന്റേഷന്റെ സഹായത്തോടെ)

- ട്രൈപോഡിൽ വച്ചു മാത്രം ക്യാമറ ഉപയോഗിക്കുക.
- ഒരു ഷോട്ടിന്റെ ദൈർഘ്യം 6 സെക്കന്റിനും – 10 സെക്കന്റിനും ഇടക്കാവണം.
- പരാമർശിത വാർത്തയുടെ ഉള്ളടക്കം വ്യക്തമാകുന്ന തരത്തിൽ ഒരു വൈഡ് ഷോട്ട് / എസ്റ്റാബ്ലിഷ്ഡ് ഷോട്ട് ഉണ്ടായിരിക്കണം.

- വിഷയത്തിന്റെ വ്യത്യസ്ത കോണുകളിൽ നിന്നു ചിത്രീകരിച്ച ക്ലോസപ്, മിഡ്, വൈഡ് വിഷ്വലുകൾ ഉണ്ടാകണം.
- വാർത്താ ക്ലിപ്പുകളിൽ ഇത്തരത്തിലുള്ള ഓരോ വിഷ്വലുകളും ഓരോ ഷോട്ടുകളായി വേണം ചിത്രീകരിക്കാൻ.
- വാർത്താ ക്ലിപ്പുകളിൽ പാൻ ഷോട്ടുകൾ പരമാവധി ഒഴിവാക്കണം.
- വീഡിയോ ഷൂട്ട് ചെയ്യുമ്പോൾ ക്യാമറയിലെ മൈക്ക് ഓണായിരിക്കണം
- വീഡിയോക്ക് ആവശ്യമായ വോയ്സ് ഓവർ ചില സന്ദർഭങ്ങളിൽ പ്രത്യേകം റിക്കോർഡ് ചെയ്ത് മിക്സ് ചെയ്യണം.

<u>**പ്രവർത്തനം – 1.11 : വാർത്തകൾ തയ്യാറാക്കുന്നതിലെ വ്യത്യസ്തത**</u>

ഒരേ വാർത്ത തന്നെ വ്യത്യസ്ത രീതികളിൽ അവതരിപ്പിക്കാം. വാർത്തകളുടെ പ്രാധാന്യവും സാഹചര്യവും അനുസരിച്ചാണ് വാർത്ത ഏതു രീതിയിൽ അവതരിപ്പിക്കണം എന്ന തീരുമാനിക്കുന്നത്. സാധാരണ ഉപയോഗിക്കുന്ന ചില രീതികളാണ് ഈ സെഷനിൽ ചർച്ച ചെയ്യുന്നത്. ഒരേ വാർത്തയുടെ വിവിധ തരം അവതരണങ്ങൾ പരിചയപ്പെടുത്തുകയും അതിനനുസരിച്ച് പഠിതാക്കൾക്ക് വാർത്താവതരണത്തിൽ വ്യത്യസ്ത രീതികൾ മനസ്സിലാക്കുന്നതിനുള്ള അവസരമൊരുക്കുകയാണ് ഈ സെഷനിൽ ഉദ്ദേശിക്കുന്നത്.

**ഉദ്ദേശ്യങ്ങൾ**

- ഒരു വാർത്തയെ വ്യത്യസ്ത തരത്തിൽ അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്

**സാമഗ്രികൾ/മുന്നൊരുക്കം**

- News_Resources/Day 1/Activity1.11 എന്ന ഫോൾഡറിലുള്ള bloodmoon_2.mp4, bloodmoon_3.mp4
- News_Resources/Day 1/Activity1.11 എന്ന ഫോൾഡറിലുള്ള news_formats.pdf എന്ന പ്രസന്റേഷൻ

**പ്രവർത്തന ക്രമം**

പരിശീലകൻ അവതരിപ്പിക്കുന്നു.
സ്റ്റല്ലേറിയം സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ബ്ലഡ്മൂൺ നിരീക്ഷിക്കുന്ന പ്രവർത്തനത്തിന്റെ വാർത്താരൂപം നാം കണ്ടല്ലോ. ഇതേ വാർത്ത തന്നെ വ്യത്യസ്ത ചാനലുകളിൽ വരികയാണെങ്കിൽ ഒരേ രീതിയിലാണോ അവതരിപ്പിക്കപ്പെടുക?

വാർത്താ അവതരണത്തിന് വ്യത്യസ്തമായ മറ്റു രീതികൾ ഏതെല്ലാമാണ്?

-പൊതുചർച്ച

വിവിധ വാർത്താ അവതരണ രീതികൾ പരിശീലകൻ ചുവടെ നൽകിയ രീതിയിൽക്രോഡീകരിക്കുന്നു.

- ഒരു റിപ്പോർട്ട് രീതിയിൽ- ഇവിടെ വാർത്ത റിപ്പോർട്ടു ചെയ്യുന്നയാളുടെ വിഷ്വലുകൾ ഉണ്ടാവില്ല. (ഇതാണ് ആദ്യ സെഷനിൽ പ്രദർശിപ്പിച്ചത്)
- റിപ്പോർട്ടർ വാർത്ത നേരിട്ട് റിപ്പോർട്ടു ചെയ്യുന്ന രീതിയിൽ വാർത്ത റിപ്പോർട്ടു ചെയ്യുന്നയാളുടെ വിഷ്വലുകൾ അടക്കം. (സാധാരണ ചാനലിൽ പൊതുവെ കാണുന്ന രീതി.)
- സംഭവവുമായി ബന്ധപ്പെട്ട വ്യക്തിയുടെ /വ്യക്തികളുടെ കമന്റുകൾ ഉൾപ്പെടുത്തി.
- ..........

തുടർന്ന് ഇത്തരത്തിലുള്ള വാർത്ത അവതരണ രീതികൾ പരിചയപ്പെടാം എന്ന് പറഞ്ഞുകൊണ്ട് പരിശീലകൻ bloodmoon_2.mp4, bloodmoon_3.mp4 എന്നീ വീഡിയോകൾ പ്രദർശിപ്പിക്കുന്നു. പരിശീലകൻ ആവശ്യമായ വിശദീകരണം നൽകുന്നു.

തുടർന്ന് പരിശീലകൻ News_Resources/Day1/Activity1.11 എന്ന ഫോൾഡറിലുള്ള news_formats.pdf എന്ന പ്രസന്റേഷൻ അവതരിപ്പിച്ചുകൊണ്ട് വിവിധ ന്യൂസ് റിപ്പോർട്ടിങ് രീതികൾ വിശദീകരിക്കുന്നു.
വ്യത്യസ്തമായ വാർത്താ അവതരണത്തിലൂടെ വാർത്തയെ അതിന്റെ പ്രാധാന്യത്തോടെ കൂടുതൽ പേരിൽ എത്തിക്കാനാകും. ചില വാർത്തകളില ഒരേ ക്ലിപ്പിൽ തന്നെ വ്യത്യസ്തമായ അവതരണ രീതികൾ അവതരിപ്പിക്കേണ്ടി വന്നേക്കാം.

ശേഷം ഓരോ ഗ്രൂപ്പും ഷൂട്ട് ചെയ്ത ക്ലിപ്പുകൾ ഇത്തരത്തിൽ ഏതെങ്കിലും രീതികളിൽ അവതരിപ്പിക്കാമോ എന്ന് പരിശീലകൻ ചോദിക്കുന്നു.

ഗ്രൂപ്പുകളിൽ അവരവരുടെ വിഷ്വലുകളുടെ അടിസ്ഥാനത്തിൽ സ്വയം വിലയിരുത്തി പറയട്ടെ.

വിഷ്വലുകൾ ആവശ്യമെങ്കിൽ വീണ്ടും ഷൂട്ട് ചെയ്യാമെന്ന് പരിശീലകൻ സൂചിപ്പിക്കുന്നു.

ഷൂട്ട് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഒരിക്കൽ കൂടി ക്രോഡീകരിക്കുന്നു.

- ട്രൈപോഡിന്റെ ആവശ്യകത
- അനാവശ്യമായ ക്യാമറ സൂം / പാൻ ഒഴിവാക്കൽ
- ശബ്ദം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത
- \-\-\-\-\-\-\-\-\-\-

വിലയിരുത്തലിന്റെയും ചർച്ചയുടേയും അടിസ്ഥാനത്തിൽ അവശ്യമെങ്കിൽ ചില ഭാഗങ്ങൾ വീണ്ടും ഷൂട്ട് ചെയ്യുന്നതിന് പരിശീലകൻ നിർദ്ദേശം നൽകുന്നു.

രണ്ട് രീതിയിലുള്ള വാർത്ത അവതരണമാണ് ഈ സെഷനിൽ പഠിതാക്കൾ പരിചയപ്പെട്ടത്. വിഷ്വലുകൾ ശേഖരിക്കുമ്പോൾ രണ്ട് ഗ്രൂപ്പുകൾ bloodmoon_2.mp4 രീതിയിലും മറ്റ രണ്ടു ഗ്രൂപ്പുകൾ bloodmoon_3.mp4 രീതിയിലും വാർത്ത അവതരിപ്പിക്കുന്നതിനുള്ള രീതിയിൽ വിഷ്വലുകൾ ഷൂട്ട് ചെയ്യണമെന്ന് പരിശീലകൻ പ്രത്യേകം നിർദ്ദേശം നൽകണം.

**പ്രവർത്തനം – 1.12 : വ്യത്യസ്തങ്ങളായ വിഷ്വലുകൾ ശേഖരിക്കാം**

വാർത്തയുടെ വ്യത്യസ്തമായ അവതരണത്തിന് ആവശ്യമായ വീഡിയോ ഷൂട്ട് ചെയ്യുന്നതിനായി പഠിതാക്കൾക്ക് അവസരം നൽകുന്നു.

ഓരോ ഗ്രൂപ്പും വിഷ്വൽ ഷൂട്ട് ചെയ്യുന്നു – Out door പ്രവർത്തനം

തുടർന്ന് പ്രവർത്തനം 1.8 ൽ ചെയ്ത പോലെ പഠിതാക്കൾ വിഷ്വലുകൾ കമ്പ്യൂട്ടറിലേക്ക് പകർത്തുന്നു.

ക്ലിപ്പുകൾക്ക് പ്രത്യേകം പേരുകൾ നൽകി അവ കാണിക്കേണ്ട ക്രമം (സീക്വൻസ്), ആവശ്യമായ വിവരണം എന്നിവ ഉൾപ്പെടുന്ന ഇൻഡക്സ് തയ്യാറാക്കാൻ പരിശീലകൻ ആവശ്യപ്പെടുന്നു.

വാർത്തകൾക്ക് വേണ്ടി തയാറാക്കിയ സ്ക്രിപ്റ്റിലെ ഓഡിയോ ചില സന്ദർഭങ്ങളിൽ പ്രത്യകം റിക്കാർഡ് ചെയ്യേണ്ടി വരും. ഇതിന് കമ്പ്യൂട്ടറിൽ ലഭ്യമായ ഓഡിയോ എഡിറ്റിങ് സോഫ്റ്റുവെയറുകളുടെ സഹായം തേടാമെന്ന് പരിശീലകൻ സൂചിപ്പിക്കുന്നു.

**3.30 – 4.00 വരെ**

**ഓഡിയോ റിക്കാർഡിങ് & എഡിറ്റിങ്**

ഓരോ ഗ്രൂപ്പും തയാറാക്കുന്ന വാർത്തയുടെ പശ്ചാത്തലവിവരണം തയാറാക്കുന്ന പ്രവർത്തനം പരിചയപ്പെടുന്ന സെഷൻ.

വാർത്തകൾ, ഡോക്യുമെന്ററികൾ തുടങ്ങിയവയുടെ വീഡിയോ പോലെതന്നെ പ്രധാനമാണ് അതിലെ ഓഡിയോയും. പഠിതാക്കൾ ക്യാമറ ഉപയോഗിച്ച് ഷൂട്ട് ചെയ്ത് തയ്യാറാക്കിയ വാർത്തകളിൽ ഓഡിയോ പ്രത്യേകം റിക്കാർഡ് ചെയ്തു ചേർക്കേണ്ടിവരും. കൂടാതെ ടെലികാസ്റ്റിങ് യോഗ്യതയ്ക്ക് വ്യക്തവും ഗുണമേന്മയുള്ള ശബ്ദവുമായിരിക്കണം. അതെല്ലാം ഒഡാസിറ്റി സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ എളുപ്പത്തിൽ ചെയ്യാൻ കഴിയും. ചുവടെ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങളിലൂടെ ശബ്ദക്രമീകരണങ്ങളും റിക്കാർഡിങ്ങും എഡിറ്റിങ്ങും പരിശീലിക്കാം.

**പൊതു ഉദ്ദേശ്യങ്ങൾ**

- വാർത്തകളിൽ ചേർക്കേണ്ട ഓഡിയോ അവതരണം തയ്യാറാക്കുന്നതിന് കഴിവ് നേടുന്നതിന്
- ഒഡാസിറ്റിയെന്ന സോഫ്റ്റ്‌വെയർ ഉപയോഗിക്കാനുള്ള കഴിവ് നേടുന്നതിന്
- ഓഡിയോ ക്ലിപ്പ് റിക്കാർഡ് ചെയ്യാനുള്ള ശേഷി നേടുന്നതിന്
- ഓഡിയോ ക്ലിപ്പ് ആവശ്യാനുസരണം എഡിറ്റ് ചെയ്യാനുള്ള ശേഷി നേടുന്നതിന്
- സോഫ്റ്റ്‌വെയർ ഉപയോഗിച്ച്, വ്യക്തവും ഗുണമേന്മയുള്ള ശബ്ദം തയ്യാറാക്കാനുള്ള കഴിവ് നേടുന്നതിന്

**സാമഗ്രികൾ/മുന്നൊരുക്കം**

- News_Resources/Day_1/Activity1.13, 1.14 എന്നീ ഫോൾഡറുകളിലുള്ള അനുബന്ധം_1, അനുബന്ധം_2, അനുബന്ധം_3, Audio_Recorded.wav
- വാർത്തകളിൽ ഉൾപ്പെടുത്തുന്നതിനുള്ള എഴുതി തയ്യാറാക്കിയ അവതരണം

- ഒഡാസിറ്റി സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്ത കമ്പ്യൂട്ടർ
- ഓഡിയോ റിക്കാർഡിങിനായി ഗുണമേന്മയുള്ള മൈക്ക്
- ഓഡിയോ പ്ലേബാക്കിനായി സ്പീക്കർ

**പ്രവർത്തനം 1.13 – ശബ്ദ ക്രമീകരണങ്ങൾ**

പരിശീലകൻ അവതരിപ്പിക്കുന്നു.

നിങ്ങൾ തയാറാക്കുന്ന വാർത്തയിൽ പശ്ചാത്തല വിവരണം (ശബ്ദം) നൽകേണ്ടതുണ്ടല്ലോ?

എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇതിനായി ചെയ്യേണ്ടത്? – ചർച്ച.

- ..........
- .........

ആർ.പി ക്രോഡീകരിക്കുന്നു.

- വാർത്തയ്ക്ക് ആവശ്യമായ വിവരണം എഴുതി തയ്യാറാക്കുക.
- തയാറാക്കിയ വിവരണം ഡിജിറ്റൽ രൂപത്തിലാക്കുക – ഇതിന് അവ റിക്കോർഡ് ചെയ്യണം.
- റിക്കോർഡ് ചെയ്യപ്പോൾ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങൾ എഡിറ്റ് ചെയ്ത് പരിഹരിക്കുക.
- ശബ്ദം വീഡിയോയിൽ മിശ്രണം നടത്തുക.

ഷൂട്ട് ചെയ്ത് തയ്യാറാക്കിയ വാർത്തകളിൽ ശബ്ദരൂപത്തിലുള്ള വിവരങ്ങൾ ചേർക്കുന്നതിനായി അവ നേരത്തെ തന്നെ വിവരണം എഴുതി വെക്കേണ്ട ആവശ്യകത ആർ.പി വിശദീകരിക്കുന്നു.

പഠിതാക്കൾ അവരുടെ വാർത്തയിൽ ഉൾപ്പെടുത്തേണ്ട ചേർക്കേണ്ട വിവരണം എഴുതി തയ്യാറാക്കുന്നു. ഗ്രൂപ്പുകൾ അവതരിപ്പിക്കുന്നു.

വാർത്തയിൽ ചേർക്കേണ്ട അവതരണം എഴുതി തയ്യാറാക്കിയല്ലോ? ഇനി ഇത് കമ്പ്യൂട്ടറിൽ റിക്കാർഡ് ചെയ്യാം.

റിക്കോർഡിങ് പ്രവർത്തനങ്ങൾ ചെയ്യുന്നതിനായി കമ്പ്യൂട്ടറിൽ ചില മുന്നൊരുക്കങ്ങൾ ആവശ്യമാണ്. അവ നമുക്ക് ചെയ്യാം.

തുടർന്ന് കമ്പ്യൂട്ടറിലെ ഇൻപുട്ട് (മൈക്ക്) ക്രമീകരണം, ഔട്ട്പുട്ട് (സ്പീക്കർ) ക്രമീകരണം നടത്തുന്നവിധം പരിശീലകൻ ഡെമോ ചെയ്യുന്നു.

ഇതിനായി News_Resources/Day_1/Activity1.13 എന്ന ഫോൾഡറിലുള്ള അനുബന്ധം1 റഫർ ചെയ്യാവുന്നതാണ്.

**Audacity** സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ശബ്ദം റിക്കാർഡ് ചെയ്യുക, എഡിറ്റ് ചെയ്യുക, എക്സ്പോർട്ട് ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യുന്നതിനാവശ്യമായ ഘട്ടങ്ങൾ എട്ടാം തരത്തിലെ ഹലോ മൈക്ക് ടെസ്റ്റിങ് എന്ന അധ്യായത്തിലും വിശദീകരിച്ചിട്ടുണ്ട്.

**പ്രവർത്തനം 1.14 – ശബ്ദം നൽകാം.**

കമ്പ്യൂട്ടറിൽ ശബ്ദം റിക്കാർഡ് ചെയ്യാനുള്ള Audacity സോഫ്റ്റ്‌വെയർ RP പരിചയപ്പെടുത്തുന്നു.

ആവശ്യമാണെങ്കിൽ News_Resources/Day1/Activity1.14 എന്ന ഫോൾഡറിലുള്ള അനുബന്ധം2 റഫർ ചെയ്യാം.
ചുവടെ നൽകിയ കാര്യങ്ങളാണ് ഈ സെഷനിൽ പരിചയപ്പെടുത്തേണ്ടത്.

- Audacity സോഫ്റ്റ്‌വെയർ – റിക്കാർഡിങ്ങിനാവശ്യമായ ടൂളുകളും സൗകര്യങ്ങളും മാത്രം ഇപ്പോൾ പരിചയപ്പെടുത്തിയാൽ മതി.
- റിക്കോർഡ് ചെയ്യുന്ന വിധം
  - റിക്കോർഡിങ് ബട്ടൺ അമർത്തിയതിന് ശേഷം മൈക്കിന് സമീപം നിന്ന് രണ്ടോ മൂന്നോ സെക്കണ്ട് സമയം കഴിഞ്ഞതിന് ശേഷം വിവരണം വായിച്ച് റിക്കാർഡിങ് ആരംഭിക്കാം.

- ശബ്ദത്തിന്റെ തരംഗ രൂപം
- റിക്കോർഡിങ് അവസാനിപ്പിക്കുന്ന വിധം
- റിക്കോർഡ് ചെയ്തത് പ്രവർത്തിപ്പിക്കൽ
- റിക്കാർഡിങ് തൃപ്തികരമല്ലെങ്കിൽ വീണ്ടും റിക്കാർഡിങ് നടത്തുന്നത്
- ഫയൽ സേവ് (osp പ്രൊജക്ടായി സേവ് ചെയ്തു സൂക്ഷിക്കേണ്ട ആവശ്യകത ഇവിടെ സൂചിപ്പിക്കാം.)
- ഫയൽ എക്സ്പോർട്ട്
  - File മെനുവിൽ നിന്ന് Export Audio തെരെഞ്ഞെടുക്കുക.
  - സേവ് ചെയ്യേണ്ട ലൊക്കേഷൻ, ഫയൽ നാമം എന്നിവ നൽകുക
  - ശബ്ദം wave ഫോർമാറ്റിലേക്ക് എക്സ്പോർട്ട് ചെയ്യാം (ശബ്ദത്തിന്റെ quality നിലനിർത്താനാണ് wav ഫോർമാറ്റ് തിരഞ്ഞെടുത്തത്)

തുടർന്ന് പഠിതാക്കൾ അവർ തയ്യാറാക്കിയ ഓഡിയോ വിവരണം റിക്കോർഡ് ചെയ്യുന്നു. പ്രവർത്തിപ്പിച്ച് നോക്കുന്നു.

പ്രോജക്ട് ക്ലോസ് ചെയ്യുന്നു. പശ്ചാത്തല വിവരണം റിക്കാർഡ് ചെയ്തത് കൃത്യമായിട്ടില്ലെങ്കിൽ അത് കൃത്യമാക്കി നാളെ രാവിലെ എത്തണമെന്ന് സൂചിപ്പിച്ച് ഒന്നാം ദിവസത്തെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നു.

4.00 – 4.30

- **സംശയനിവാരണം**
- **ഫീഡ് ബാക്ക്**

## രണ്ടാം ദിവസം

**9.30 മുതൽ 10.00 വരെ**

**സംശയങ്ങൾക്കുള്ള പരിഹാരബോധനം**

**10.00 മുതൽ 11.00 വരെ**

**പ്രവർത്തനം 2.1 – ശബ്ദം എഡിറ്റ് ചെയ്യാം**

റിക്കോർഡ് ചെയ്ത ഓഡിയോ എഡിറ്റ് ചെയ്യുന്നത് പരിചയപ്പെടുത്തുന്ന സെഷൻ.

ആർ.പി News_Resources/Day2/Activity2.1 എന്ന ഫോൾഡറിലുള്ള Audio_Recorded.wav എന്ന ഓഡിയോ ഡബിൾ ക്ലിക്ക് ചെയ്ത് കേൾപ്പിക്കുന്നു.

ഈ ഓഡിയോ നോക്കൂ. ഈ ഓഡിയോ ടെലികാസ്റ്റിങ്ങിന് യോജിച്ചതല്ല. ഇത് ടെലികാസ്റ്റിങ്ങിന് അനുയോജ്യമാക്കാൻ വീണ്ടും റിക്കോർഡ് ചെയ്യാനുള്ള സാഹചര്യം ഇപ്പോൾ സാധിക്കില്ല എന്ന്കരുതുക.

അപ്പോൾ ലഭ്യമായ ഈ ശബ്ദത്തെ കൃത്യതയും ഗുണമേന്മയുള്ളതും ടെലികാസ്റ്റിങ്ങിന് യോജിച്ചതുമാക്കാൻ എഡിറ്റ് ചെയ്യുക മാത്രമാണ് ഏകപ്രതിവിധി.

അതിനായി ഓഡിയോ എഡിറ്റ് ചെയ്യുന്നവിധം നമുക്ക് പരിചയപ്പെടാം.

തുടർന്ന് ഒഡാസിറ്റിയിൽ നേരത്തെ പരിചയപ്പെടാത്ത ടൂളുകളും സൗകര്യങ്ങളും പരിചയപ്പെടുത്തിയശേഷം ഓഡിയോ എഡിറ്റ് ചെയ്യുന്ന വിധം ആർ.പി. അവതരിപ്പിക്കുന്നു..

ചുവടെ നൽകിയ കാര്യങ്ങളാണ് ഇവിടെ അവതരിപ്പിക്കേണ്ടത്.

- ഓഡിയോ ഫയൽ ഒഡാസിറ്റിൽ തുറക്കുന്ന വിധം
  - മുൻ സെഷനിൽ റിക്കോർഡ് ചെയ്ത ഓഡിയോയാണ് പഠിതാക്കൾ ഉപയോഗിക്കേണ്ടത്.
- ആവശ്യമില്ലാത്ത ഭാഗം ഒഴിവാക്കുന്ന വിധം
- ക്ലിപ്പുകൾ മുറിക്കുന്നതും (split) ഒരുമിച്ചാക്കുന്നതും (Join)

പഠിതാക്കൾ ഈ പ്രവർത്തനം ചെയ്യുന്നു.

ഇങ്ങനെ കൃത്യമാക്കിയ ഓഡിയോ കൂടുതൽ വ്യക്തത വരുത്തുന്നതിനായി ഒഡാസിറ്റിയിലെ ചുവടെ നൽകിയ സങ്കേതങ്ങളും പരിശീലകൻ പരിചയപ്പെടുത്തുന്നു.

സഹായത്തിന് News_Resources/Day2/Activity2.1 എന്ന ഫോൾഡറിലുള്ള അനുബന്ധം3 റഫർ ചെയ്യാം

- നോയ്സ് റിഡക്ഷൻ (Noise Reduction)
- നോർമലൈസേഷൻ (Normalisation)
- ഈക്വലൈസേഷൻ (Equalization)
- സൈലൻസ് ഓഡിയോ (Silence Audio)
- കമ്പ്രസ്സർ (Compressor)
- ആംപ്ലിഫൈ (Amplify)
- എഡിറ്റ് ചെയ്ത് കൃത്യമാക്കിയ ഓഡിയോ wav ഫോർമാറ്റിൽ എക്സ്പോർട്ട് ചെയ്യുന്നു.

സൂചിപ്പിച്ച പ്രവർത്തനങ്ങൾ മുൻ സെഷനിൽ റിക്കോർഡ് ചെയ്ത ഓഡിയോ ഫയൽ ഉപയോഗിച്ച് പഠിതാക്കൾ പരിശീലിക്കുന്നു.

കൃത്യമാക്കിയ ശബ്ദവിവരണം wave ഫോർമാറ്റിൽ സ്വന്തം ഫോൾഡറിൽ സേവ് ചെയ്ത് സൂക്ഷിക്കുന്നു.

**11.00 മുതൽ 2.30 വരെ വിഷ്വൽ എഡിറ്റിങ്, വാർത്ത പൂർത്തീകരണം**

**ആമുഖം**

തയാറാക്കിയ സ്ക്രിപ്റ്റിന് അനസൃതമായി വിഷ്വലുകളും ശബ്ദവിവരണവും ഉൾപ്പെടുത്തി സമ്പൂർണ വാർത്താക്ലിപ് തയാറാക്കുന്ന പ്രവർത്തനം. മുൻസെഷനുകളിൽ ഓരോ ഗ്രൂപ്പും അവർ തിരഞ്ഞെടുത്ത വിഷയത്തിന് അനുസൃതമായി ഷൂട്ട് ചെയ്ത് വിഷ്വലുകളും റെക്കോർഡ് ചെയ്ത ഓഡിയോ ക്ലിപ്പുകളുമാണ് ഈ പ്രവർത്തനത്തിന് ഉപയോഗിക്കേണ്ടത്.

പരിശീലകന്റെ ഡെമോ പ്രവർത്തനങ്ങൾക്കായി റിസോഴ്സ് ഫോൾഡറിൽ ലഭ്യമാക്കിയ വീഡിയോ, ഓഡിയോ ഫയലുകൾ ഉപയോഗിക്കാവുന്നതാണ്.

**പൊതു ഉദ്ദേശ്യങ്ങൾ**

- സ്ക്രിപ്റ്റിന് അനുസൃതമായി, വീഡിയോ ക്ലിപ്പുകൾ എഡിറ്റ് ചെയ്ത് തയാറാക്കുന്നതിന്
- വീഡിയോ ക്ലിപ്പുകളിൽ ശബ്ദം, ടൈറ്റിൽ ഉൾപ്പെടുത്തുന്നതിന്
- വാർത്തകൾ തയാറാക്കുന്നതിൽ വിഷ്വൽ എഡിറ്റിങ്ങിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന്

**സാമഗ്രികൾ**

- മുൻസെഷനിൽ നിർമ്മിച്ച ഓഡിയോ-വീഡിയോ ക്ലിപ്പുകൾ

**പ്രവർത്തനം 2.2 വിഷ്വൽ എഡിറ്റിങ് മുന്നൊരുക്കം**

**സാമഗ്രി**

- News_Resources/Day2/Activity2.2 ഫോൾഡറിലെ Video_Editing_Appendix.pdf എന്ന ഫയൽ
- News_Resources/Day2/Activity2.2 ഫോൾഡറിലെ kdenlive_18.08.3_amd64.deb എന്ന ഫയൽ

വാർത്തയുടെ വിഷ്വലുകൾ വീഡിയോ എഡിറ്റിങ് സോഫ്റ്റ്‌വെയറിൽ തയാറാക്കുന്നതിന്റെ മുന്നൊരുക്ക പ്രവർത്തനം പരിചയപ്പെടുത്തുന്ന സെഷൻ.

പരിശീലകൻ അവതരിപ്പിക്കുന്നു.

വാർത്തയോടൊപ്പം നൽകേണ്ട പശ്ചാത്തലവിവരണവും ബൈറ്റും നാം എഡിറ്റ് ചെയ്ത് തയാറാക്കിയല്ലോ.

ഇതിലേക്കുള്ള വിഷ്വലുകളും മുൻസെഷനിൽ നാം ഷൂട്ട് ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഇവയെല്ലാം ഉൾപ്പെടുത്തി സമ്പൂർണ വാർത്തയാക്കുകയാണ് ഇനി ചെയ്യേണ്ടത്. ഇതിനായി വീഡിയോ എഡിറ്റിങ് സങ്കേതം ഉപയോഗിക്കാം.

ഏത് സോഫ്റ്റ്‌വെയറാണ് ഇതിനായി ഉപയോഗിക്കുക?

- ......................................................

പഠിതാക്കൾ അവർക്ക് പരിചിതമായ സോഫ്റ്റ്‌വെയറുകളുടെ പേരുകൾ സൂചിപ്പിക്കട്ടെ.

പരിശീലകൻ ക്രോഡീകരിക്കുന്നു.

നമ്മുടെ കമ്പ്യൂട്ടറിൽ ലഭ്യമായ വീഡിയോ എഡിറ്റിങ് സോഫ്റ്റ്‌വെയറുകളാണ് ഓപ്പൺഷോട്ട് വീഡിയോ എഡിറ്റർ, കെഡെൻലൈവ് എന്നിവ. ഇതിൽ ഓപ്പൺഷോട്ട് വീഡിയോ എഡിറ്റർ മുൻപ് പരിശീലനങ്ങളിലൂടെ നിങ്ങൾ പരിചയപ്പെട്ടിട്ടുണ്ടാവും.

ഇപ്പോഴത്തെ നമ്മുടെ എഡിറ്റിങ് ആവശ്യങ്ങൾക്കായി കൂടുതൽ സൗകര്യമുള്ള മറ്റൊരു സോഫ്റ്റ്‌വെയറാണ് ഉപയോഗിക്കുന്നത്.

Kdenlive എന്ന സോഫ്റ്റ്‌വെയറാണത്.

തുടർന്ന് പരിശീലകൻ റിസോഴ്സിൽ ലഭ്യമാക്കിയ kdenlive_18.08.3_amd64.deb ഫയൽ ഇൻസ്റ്റാൾ ചെയ്യാൻ ആവശ്യപ്പെടുന്നു. ഇൻസ്റ്റാൾ ചെയ്ത ശേഷം സോഫ്റ്റ്‌വെയർ തുറന്ന് ഇന്റർഫേസ് പരിശോധിക്കുന്നതിന് പരിശീലകൻ നിർദ്ദേശം നൽകുന്നു.

പരിശീലകൻ അവതരിപ്പിക്കുന്നു.

സാങ്കേതികമികവും അതോടൊപ്പം ഭാവനയും വളരെയധികം ക്ഷമയും ആവശ്യമുള്ള പ്രവർത്തനമാണ് വീഡിയോ എഡിറ്റിങ്. ഈ പ്രവർത്തനം വളരെ ചെറിയ സമയം കൊണ്ട് ചെയ്ത് തീർക്കാൻ സാധിക്കുന്ന ഒന്നല്ല. അഞ്ച് മിനുട്ട് ദൈർഘ്യമുള്ള ഒരു ഡോക്യുമെന്ററി/വാർത്ത എഡിറ്റ് ചെയ്ത് തയാറാക്കണമെങ്കിൽ തന്നെ ധാരാളം വിഷ്വലുകൾ ഷൂട്ട് ചെയ്യേണ്ടി വരുമല്ലോ. ഇതിൽനിന്ന് ആവശ്യമായ ദൃശ്യങ്ങൾ തെരഞ്ഞെടുക്കുന്നത് തന്നെ നന്നായി സമയം എടുത്ത് ചെയ്യേണ്ട പ്രവർത്തനമാണ്.

ആയതിനാൽ എഡിറ്റിങ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് മികച്ച മുന്നൊരുക്കം നടത്തേണ്ടത് അഭികാമ്യമാണ്.

തുടർന്ന്, എഡിറ്റിങ് ചെയ്യുന്നതിന്റെ മുന്നൊരുക്കങ്ങൾ ഏതൊക്കെയെന്ന് ചുവടെ നൽകിയ സൂചനകളിലൂടെ പരിശീലകൻ വ്യക്തമാക്കുന്നു.

- എഡിറ്റ് ചെയ്യുന്നതിനുള്ള സോഴ്സ് വീഡിയോ ഫോർമാറ്റ്, എക്സ്പോർട്ട് ചെയ്യേണ്ട ഫോർമാറ്റ് എന്നിവയെക്കുറിച്ച് എഡിറ്റർക്ക് ധാരണയുണ്ടായിരിക്കണം.
- എഡിറ്റിങ്ങിന് ആവശ്യമായ ഫയലുകൾ നേരത്തെ തന്നെ സജ്ജമാക്കി വെക്കണം.

- എഡിറ്റിങ്ങിനായി സജ്ജമാക്കിയ ഓരോ സോഴ്സ് ഫയലുകളെയും കുറിച്ചുള്ള ധാരണയുണ്ടാവണം- (വളരെയധികം ഫയലുകൾ ഉണ്ടെങ്കിൽ ഫയലുകളെ തിരിച്ചറിയുന്നതിനായി പ്രത്യേക index ലിസ്റ്റ് എഴുതിത്തയാറാക്കാം- പ്രസ്തുത ഫയലിലെ ഏത് സമയം മുതലുള്ള വിഷ്വലുകളാണ് ഉപയോഗിക്കേണ്ടത് എന്ന കാര്യം)
- സ്ക്രിപ്റ്റിനെക്കുറിച്ചുള്ള ധാരണ/ക്രമീകരിക്കേണ്ട വിഷ്വലുകളുടെ സീക്വൻസിനെക്കുറിച്ചുള്ള ധാരണ

എഡിറ്റിങ് പ്രവർത്തനങ്ങൾക്കാവശ്യമായ ഓരോ ഗ്രൂപ്പിന്റെയും/പഠിതാവിന്റെയും മുന്നൊരുക്കപ്രവർത്തനങ്ങൾ അവർ ലിസ്റ്റ് ചെയ്ത് ഉറപ്പ് വരുത്തട്ടെ

**ക്രോഡീകരണം**

- Source Video Format -MOV, Video Dimension - 1920 × 1080, FPS -25, Widescreen
- Export ചെയ്യേണ്ട ഫോർമാറ്റ് - MP4, Widescreen
- എഡിറ്റിങ്ങിനുള്ള വീഡിയോ/ഓഡിയോ ഫയലുകൾ ഫോൾഡറിലുണ്ട്.
- ഓരോ ഫയലിലും എന്താണെന്ന് മനസ്സിലാക്കിയിട്ടുണ്ട്.
- ഉപയോഗിക്കേണ്ട വിഷ്വലുകളുടെ /ഓഡിയോയുടെ Index list
  ഒരു മാതൃക:-
  - ബൈറ്റ് - MVI_0004.MOV - 00:27
    - സ്കൂൾ പാനിങ് - MVI_0017.MOV 2 - 00:16
    - പശ്ചാത്തലവിവരണം - Narration.mp3
  - ക്രമീകരിക്കേണ്ട വിഷ്വലുകളുടെ സീക്വൻസിനെക്കുറിച്ചുള്ള ധാരണയുണ്ട്.

**പരിശീലകൻ അവതരിപ്പിക്കുന്നു.**

എഡിറ്റിങ്ങിനാവശ്യമായ മുന്നൊരുക്കപ്രവർത്തനങ്ങൾ ഉറപ്പ് വരുത്തിയല്ലോ. ഇനി കെഡെൻലൈവ് ഉപയോഗിച്ച് വിഷ്വലുകൾ എഡിറ്റ് ചെയ്ത് വാർത്ത തയാറാക്കുന്നതെങ്ങനെയെന്ന് പരിചയപ്പെടാം.

തുടർന്ന് പരിശീലകൻ അനുബന്ധം പ്രയോജനപ്പെടുത്തി കെഡെൻ ലൈവ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വീഡിയോ എഡിറ്റ് ചെയ്ത് വാർത്ത തയാറാക്കുന്ന വിധം അവതരിപ്പിക്കുന്നു.

**പ്രവർത്തനം - 2.3 - കെഡെൻലൈവ് പരിചയപ്പെടൽ**

**സാമഗ്രി**

- News_Resources/Day2/Activity2.2 ഫോൾഡറിലെ Video_Editing_Appendix.pdf എന്ന ഫയൽ

**പരിശീലകൻ കെഡെൻലൈവ് തുറന്ന് ഇന്റർഫേസ് പരിചയപ്പെടുത്തുന്നു.**

1. **ചുവടെ നൽകിയ കാര്യങ്ങളാണ് ഇവിടെ പരിചയപ്പെടുത്തേണ്ടത്.** (Video_Editing_Appendix.pdf കാണുക)
   - Project Bin
   - Tracks
   - Timeline
   - Preview Monitor ( Clip Monitor, Project Monitor)

- Menu
- Transitions & Effects മുതലായ സൗകര്യങ്ങൾ

പഠിതാക്കൾ കെഡെൻലൈവ് ഇന്റർഫേസ് പരിചയപ്പെടുന്നു.

**പ്രവർത്തനം – 2.4 വീഡിയോ പ്രൊഫൈൽ ക്രമീകരണം**

**സാമഗ്രി**

- News_Resources/Day2/Activity2.2 ഫോൾഡറിലെ Video_Editing_Appendix.pdf എന്ന ഫയൽ
- ഷൂട്ട് ചെയ്ത വീഡിയോ ക്ലിപ്പുകളും, റിക്കാർഡ് ചെയ്ത ഓഡിയോ ക്ലിപ്പുകളും.

**പരിശീലകൻ അവതരിപ്പിക്കുന്നു.**

വിക്ടേഴ്സിൽ ടെലികാസ്റ്റിങ് ആവശ്യത്തിനാണല്ലോ നാം വാർത്ത തയാറാക്കുന്നത്. ടെലികാസ്റ്റിങ് ആവശ്യങ്ങൾക്കുള്ള വിഷ്വലുകൾ തയാറാക്കുമ്പോൾ അവയുടെ ക്വാളിറ്റി വളരെ പ്രധാനമാണ്. പലപ്പോഴും വീഡിയോ എഡിറ്റിങ് സോഫ്റ്റ്‌വെയറിൽനിന്നും എക്സ്പോർട്ട് ചെയ്തെടുക്കുന്ന ഫയലുകൾക്ക് വിവിധ കാരണങ്ങൾ കൊണ്ട് ഓഡിയോ/വീഡിയോ ക്വാളിറ്റിയിൽ വ്യത്യാസം സംഭവിക്കാറുണ്ട്. ഇത് ഒഴിവാക്കുന്നതിന് ഷൂട്ട് ചെയ്ത വീഡിയോ വിഷ്വലുകളുടെ വീഡിയോ വിശദാംശങ്ങളേതൊക്കെയാണെന്ന് നാം പരിശോധിക്കേണ്ടതുണ്ട്. സോഴ്സ് വീഡിയോക്ക് അനുസൃതമായി എഡിറ്റിങ് സോഫ്റ്റ്‌വെയർ ക്രമീകരിക്കുകയാണെങ്കിൽ ഇത്തരം ക്വാളിറ്റി നഷ്ടം ഒരു പരിധി വരെ ഒഴിവാക്കാൻ നമുക്ക് സാധിക്കും

**തുടർന്ന്, പരിശീലകൻ ചുവടെ നൽകിയ കാര്യങ്ങളുടെ വിശദാംശങ്ങൾ അവതരിപ്പിക്കുന്നു/ഡെമോ ചെയ്യുന്നു.**

1. ഷൂട്ട് ചെയ്ത വീഡിയോ ക്ലിപ്പുകളുടെ Dimensions, FPS തുടങ്ങിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ മനസ്സിലാക്കുന്ന വിധം.

വീഡിയോ ഫയലിൽ Right click ചെയ്ത് Properties -> Audio/Video ടാബ് തുറന്നാൽ Video Dimensions, FPS തുടങ്ങിയ വിശദാംശങ്ങൾ കാണാവുന്നതാണ്

   - വീഡിയോ ഫയലിൽ Right click ചെയ്ത് Properties -> Audio/Video ടാബ് തുറന്നാൽ Video Dimensions, FPS തുടങ്ങിയ വിശദാംശങ്ങൾ കാണാവുന്നതാണ്

2. കെഡെൻലൈവിലെ പ്രോജക്ട് പ്രൊഫൈൽ ക്രമീകരണം (Video_Editing_Appendix.pdf കാണുക)
   - പ്രൊജക്ട് പ്രൊഫൈൽ സജ്ജീകരിക്കേണ്ടതിന്റെ പ്രാധാന്യം
   - പ്രൊജക്ട് പ്രൊഫൈൽ സജ്ജീകരിക്കുന്ന വിധം

**പ്രത്യേക ശ്രദ്ധക്ക്**

- കൈറ്റ് ഇപ്പോൾ വിതരണം ചെയ്തിരിക്കുന്ന Canon EOS 1500D ക്യാമറയിൽനിന്ന് ലഭിക്കുന്ന വീഡിയോയും കെഡെൻലൈവിലെ ഡീഫാൾട്ട് പ്രൊജക്ട് പ്രൊഫൈലും സമാന ഫോർമാറ്റായതിനാൽ, ഇതിനായി പ്രത്യേക ക്രമീകരണം സോഫ്റ്റ്‌വെയറിൽ ഇപ്പോൾ ആവശ്യമില്ല. എന്നാൽ പുതിയ പ്രൊജക്ട് ആരംഭിക്കുമ്പോൾ ഈ ക്രമീകരണം പരിശോധിച്ച് ഉറപ്പ് വരുത്തുന്നത് നന്നാവും

3. വീഡിയോ/ഓഡിയോ ഫയലുകൾ പ്രൊജക്ടിലേക്ക് ഉൾപ്പെടുത്തുന്ന വിധം (Video_Editing_Appendix.pdf കാണുക.)
4. ഫയൽ സേവ് ചെയ്യുന്ന വിധം
5. കെഡെൻലൈവ് ഫയൽ എക്സ്റ്റെൻഷൻ
6. ഫയൽ ഇടക്കിടെ സേവ് ചെയ്യേണ്ടതിന്റെ ആവശ്യകത
7. വിവിധ പ്രവർത്തനങ്ങൾ ചെയ്യുന്ന സമയത്ത് സോഫ്റ്റ്‌വെയർ ക്രാഷ് ആവാൻ സാധ്യതയുണ്ട്. ആയതിനാൽ ചെയ്ത പ്രവർത്തനങ്ങൾ സംരക്ഷിക്കുന്നതായി പ്രോജക്ട് ഇടക്കിടെ സേവ് ചെയ്യേണ്ടതാണ്.

പഠിതാക്കൾ അവർ തയാറാക്കിയ വീഡിയോ/ഓഡിയോ ഫയലുകൾ കെഡെൻലൈവിൽ ഇംപോർട്ട് ചെയ്യുന്നു.

പ്രൊജക്ട് ഫയൽ news_schoolname എന്ന പേരിൽ അവരവരുടെ ഫോൾഡറിൽ സേവ് ചെയ്യുന്നു.

**പ്രവർത്തനം – 2.5 വീഡിയോ/ഓഡിയോ ക്രമീകരിക്കാം**

**ചുവടെ നൽകിയ കാര്യങ്ങളുടെ വിശദാംശങ്ങൾ പരിശീലകൻ അവതരിപ്പിക്കുന്നു.**

1. Kdenlive ൽ വീഡിയോ/ഓഡിയോ രണ്ട് രീതിയിൽ പ്രവർത്തിപ്പിക്കാം.

    - പ്രൊജക്ട് ബിൻ -ൽ വെച്ച്
        - വിഷ്വലുകളിൽ എഡിറ്റ് ചെയ്യേണ്ട ഭാഗം കണ്ടെത്താൻ അവ പ്രവർത്തിച്ച് കാണേണ്ടതുണ്ട്. ഇതിനായി, പ്രൊജക്ട് ബിന്നിലെ **വീഡിയോ സെലക്ട്** ചെയ്ത് Clip Monitor ലെ പ്ലേ ബട്ടൺ ഉപയോഗിച്ചോ കീബോർഡിലെ Space bar ഉപയോഗിച്ചോ പ്രവർത്തിപ്പിക്കാം.
    - ടൈംലൈനിൽ വെച്ച്
        - ടൈംലൈനിലേക്ക് ഉൾപ്പെടുത്തിയ വീഡിയോ Project Monitor ലെ പ്ലെ ബട്ടൺ ഉപയോഗിച്ചോ കീബോർഡിലെ Space bar ഉപയോഗിച്ചോ പ്രവർത്തിപ്പിക്കാം.

2. ക്ലിപ്പുകൾ ട്രാക്കിലേക്ക് ഉൾപ്പെടുത്തുന്ന വിധം – ഇവയും രണ്ട് രീതിയിൽ ചെയ്യാം

    - പ്രൊജക്ട് ബിൻ -ൽ വെച്ച് വീഡിയോ പ്രവർത്തിപ്പിച്ച്, മോണിട്ടറിലെ Set Zone In, Set Zone Out എന്നിവ അടയാളപ്പെടുത്തി ആവശ്യമായ ഭാഗം മാത്രം ടൈംലൈനിലേക്ക് ഡ്രാഗ് ചെയ്തിടാം .(Video_Editing_Appendix.pdf കാണുക)
    - പ്രൊജക്ട് ബിൻ -ൽനിന്ന് നേരിട്ട് ഡ്രാഗ് ചെയ്തും ടൈംലൈനിലേക്ക് ക്ലിപ്പുകൾ ഉൾപ്പെടുത്താം (ചെറിയ വിഷ്വലുകൾ ആണെങ്കിൽ ഈ രീതിയാണ് നല്ലത്) ( Video_Editing_Appendix.pdf കാണുക.)
    - വിഷ്വലുകൾ വീഡിയോ ട്രാക്കിലേക്കും ശബ്ദക്ലിപ്പുകൾ ഓഡിയോ ട്രാക്കിലേക്കുമാണ് ഉൾപ്പെടുത്തേണ്ടത്.
    - ക്ലിപ്പുകൾ വാർത്തയുടെ സീക്വൻസ് അനുസരിച്ചാണ് ടൈംലൈനിൽ ക്രമീകരിക്കേണ്ടത്.

3. വീഡിയോ എഡിറ്റ് ചെയ്യുന്നവിധം (Video_Editing_Appendix.pdf കാണുക)
    - മോണിട്ടറിലെ Set Zone In, Set Zone Out ഉപയോഗിച്ച് ആവശ്യമായ ഭാഗം മാത്രം ടൈംലൈനിലേക്ക് ഡ്രാഗ് ചെയ്തിടുകയാണെങ്കിൽ ടൈംലൈനിൽ വെച്ച്

അവയിൽനിന്ന് വീഡിയോ ഭാഗം ഒഴിവാക്കേണ്ടി വരില്ല– വലിയ ക്ലിപ്പുകൾക്ക് ഈ രീതിയാണ് അനുവർത്തിക്കേണ്ടത്.

- ◦ ടൈംലിനിലേക്ക് ഉൾപ്പെടുത്തിയ വിഷ്വലുകളിൽനിന്നും ആവശ്യമില്ലാത്ത ഭാഗങ്ങൾ Razor ടൂൾ ഉപയോഗിച്ച് മുറിച്ച് മാറ്റുക, Selection ടൂൾ ഉപയോഗിച്ച് ട്രാക്കിൽനിന്ന് ഒഴിവാക്കുക.
- ◦ Playback കഴ്സറിന്റെ ഉപയോഗം
- ◦ വീഡിയോയിലെ നിലവിലുള്ള ഓഡിയോ ആവശ്യമില്ലെങ്കിൽ ഡിസേബിൾ ചെയ്യുന്ന വിധം
- ◦ Resize ടൂളിന്റെ ഉപയോഗം – Selection ടൂൾ ടൈംലൈനിലെ വീഡിയോ/ഓഡിയോയുടെ തുടക്കത്തിലോ അവസാനമോ എത്തിച്ചാൽ അത് Resize ടൂളായി മാറുന്നു. പ്രസ്തുത ടൂൾ ഉപയോഗിച്ച് ഡ്രാഗ് ചെയ്ത്, പ്രസ്തുത വീഡിയോക്ലിപ്പിലെ ബാക്കിയുള്ള ഭാഗങ്ങൾ ടൈംലിനിൽനിന്നും ഒഴിവാക്കാം/പ്രദർശിപ്പിക്കാം.

പഠിതാക്കൾ വീഡിയോ/ഓഡിയോ ഫയലുകൾ അവയുടെ സീക്വൻസ് അടിസ്ഥാനത്തിൽ ടൈംലിനിലേക്ക് ഉൾപ്പെടുത്തുന്നു.

ആവശ്യമായ എഡിറ്റിങ് നിർവഹിക്കുന്നു– ക്ലിപ്പുകളെ വാർത്തയുടെ സീക്വൻസ് അനുസരിച്ച് വിഷ്വലുകളും ഓഡിയോ ഫയലുകളും ക്രമീകരിക്കുന്നു.

**പ്രവർത്തനം – 2.6 ഓഡിയോ എഡിറ്റിങ്**

**പരിശീലകൻ അവതരിപ്പിക്കുന്നു.**

നമ്മുടെ വാർത്തയിലേക്ക് ആവശ്യമായ വിഷ്വലുകൾ, ശബ്ദ വിവരണം/ബൈറ്റ് ടൈംലൈനിൽ നാം ഉൾപ്പെടുത്തിക്കഴിഞ്ഞു. ചില സമയങ്ങളിൽ വിഷ്വലുകളിലെ ശബ്ദം മാത്രം എഡിറ്റ് ചെയ്യേണ്ടി വരാറുണ്ടല്ലോ?

ഏതെല്ലാം സന്ദർഭങ്ങളിലാണവ?

പഠിതാക്കൾ ഊഹം അവതരിപ്പിക്കട്ടെ..

.....................................................

ക്രോഡീകരണം

- ഒരാളുടെ ബൈറ്റിന് ശബ്ദം തീരെ കുറവാണെങ്കിൽ..
- ഒരു ബൈറ്റിന് ശേഷം മറ്റൊരു ശബ്ദത്തിലേക്ക് പോകുന്ന സമയത്ത്, രണ്ട് ശബ്ദവും കൂടിച്ചേരുന്ന ഭാഗം പ്രത്യേകമായി ക്രമീകരിക്കേണ്ടി വരുമ്പോൾ...
- ഒരാളുടെ ബൈറ്റും വീഡിയോയിലുള്ള പശ്ചാത്തലത്തലശബ്ദവും ഒന്നിച്ച് നൽകേണ്ടി വരുമ്പോൾ................
- ..........................................

ഇത്തരം സന്ദർഭങ്ങളിൽ വീഡിയോ ഫയലിലെ ഓഡിയോ പ്രത്യേകം എഡിറ്റ് ചെയ്യേണ്ടി വരും. അവ എങ്ങനെയാണെന്ന് പരിചയപ്പെടാം.

**തുടർന്ന്, ചുവടെ നൽകിയ കാര്യങ്ങളുടെ വിശദാംശങ്ങൾ പരിശീലകൻ അവതരിപ്പിക്കുന്നു.**

1. ഓഡിയോ എഡിറ്റിങ് ( Video_Editing_Appendix.pdf കാണുക)

   - വീഡിയോ ക്ലിപ്പിലെ ഓഡിയോ വേർതിരിക്കുന്ന (Split) വിധം
   - Split ചെയ്ത ഓഡിയോ Ungroup/Group ചെയ്യുന്ന വിധം
   - Audio – Fade In, Fade Out ഇഫക്ടുകൾ നൽകുന്ന വിധം
     - ഒരാളുടെ ബൈറ്റ് നൽകുമ്പോഴും അവസാനിപ്പിക്കുമ്പോഴും ശബ്ദത്തിന്റെ പെട്ടെന്നുള്ള ജമ്പിങ് ഒഴിവാക്കാൻ അവയുടെ തുടക്കത്തിലും അവസാനത്തിലും Fade In, Fade Out ഇഫക്ടുകൾ ഉപയോഗിക്കേണ്ടതുണ്ട്.
       (വാർത്തകൾ തയാറാക്കുമ്പോൾ **വിഷ്വലുകളിൽ** ഇത്തരം ഇഫക്ടുകൾ നൽകേണ്ടതില്ല.)
   - Audio Effect– Gain കൂട്ടൽ, കുറക്കൽ
     - ശബ്ദം കുറവാണെങ്കിലും കൂടുതലാണെങ്കിലും Gain ഉപയോഗിച്ച് അവ വ്യത്യാസം വരുത്താം.
   - Audio Effect–– Volume (Keyframable) ഉപയോഗിക്കുന്ന വിധം
     - ശബ്ദക്ലിപ്പിലെ പ്രത്യേക ഭാഗത്ത് ഓഡിയോയുടെ തീവ്രതയിൽ വ്യത്യാസം വരുത്താൻ ഈ സൗകര്യം ഉപയോഗിക്കാം.

പഠിതാക്കൾ വിഷ്വലുകളിൽനിന്നും ഓഡിയോ വേർതിരിക്കുന്നു. ശബ്ദഫയലിൽ ആവശ്യമായ സന്ദർഭത്തിൽ Fade In, Fade Out നൽകുന്നു.

Volume (Keyframable) എന്ന ഇഫക്ടിന്റെ ഉപയോഗം പരിചയപ്പെടുന്നു.

ഫയൽ സേവ് ചെയ്ത് സൂക്ഷിക്കുന്നു.

**പ്രവർത്തനം – 2.7 – ടൈറ്റിലുകൾ**

**പരിശീലകൻ അവതരിപ്പിക്കുന്നു.**

വാർത്തയിൽ ബൈറ്റുകൾ ഉൾപ്പെടുത്തുന്നുണ്ടല്ലോ. ബൈറ്റ് പറയുന്ന ആളെ പ്രേക്ഷകർക്ക് തിരിച്ചറിയാനായി ഏത് സംവിധാനമാണ് വിഷ്വലിൽ ഉപയോഗിക്കുക?

പഠിതാക്കൾ പ്രതികരിക്കുന്നു.
..................................................

**ക്രോഡീകരണം**

- വാർത്ത വായിക്കുന്ന ആൾ/വിവരണം നൽകുന്ന ആൾ, ബൈറ്റ് പറയുന്ന ആളുടെ വിശദാംശം അവതരിപ്പിക്കാറുണ്ട്.
- വിഷ്വലിൽ ബൈറ്റ് പറയുന്ന ആളുടെ വിശദാംശങ്ങൾ(പേര്, ഡെസിഗ്നേഷൻ,...) ടൈറ്റിലായി ഉൾപ്പെടുത്താറുണ്ട്.

പരിശീലകൻ അവതരിപ്പിക്കുന്നു.

സാധാരണ വാർത്തകളിൽ ബൈറ്റ് പറയുന്ന ആളുടെ വിശദാംശങ്ങൾ (പേര്, ഡെസിഗ്നേഷൻ,...) വിഷ്വലിൽ ടൈറ്റിലായി ഉൾപ്പെടുത്താറുണ്ട്. കെഡെൻലൈവിൽ ഇത് ചെയ്യുന്ന വിധം നമുക്ക് പരിചയപ്പെടാം.

തുടർന്ന്, പരിശീലകൻ ചുവടെ നൽകുന്ന കാര്യങ്ങൾ വിശദമാക്കുന്നു.

1. ടൈറ്റിൽ തയാറാക്കുന്ന വിധം ( Video_Editing_Appendix.pdf കാണുക.)
2. ടൈറ്റിൽ വിഷ്വലിന് മുകളിൽ (over lay) ആയി ഉൾപ്പെടുത്തുന്ന വിധം
   - ഇതിനായി, ബൈറ്റിന് ക്രമീകരിച്ചിരിക്കുന്ന ട്രാക്കിന്റെ മുകളിലുള്ള ട്രാക്കിൽ, അതേ സ്ഥാനത്ത് ടൈറ്റിൽ ഉൾപ്പെടുത്തിയാൽ മതി. ഇങ്ങനെ ഉൾപ്പെടുത്തുമ്പോൾ ടൈറ്റിലുകൾ ട്രാൻസ്പരന്റ് ആയിരിക്കണം എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പഠിതാക്കൾ ആവശ്യമായ ടൈറ്റിലുകൾ തയാറാക്കി ടൈലൈനിൽ യഥാസ്ഥാനത്ത് ക്രമീകരിക്കുന്നു.

ഓരോരുത്തരും ടൈംലൈനിൽ ക്രമീകരിച്ച വിഷ്വൽ, ശബ്ദം, ടൈറ്റിൽ എന്നിവ പ്രവർത്തിപ്പിച്ച് നോക്കി ആവശ്യമായ മാറ്റങ്ങൾ വരുത്തട്ടെ.

പഠിതാക്കളോട്, ടൈംലൈനിലെ ക്ലിപ്പുകൾ പ്രവർത്തിപ്പിച്ച് ആവശ്യമായ മാറ്റം വരുത്തി **പ്രൊജക്ട് സേവ് ചെയ്ത് ക്ലോസ്** ചെയ്യാൻ പരിശീലകൻ നിർദേശിക്കുന്നു.

**ഉച്ചക്ക് 1.00 മുതൽ 1.45 വരെ**

ഉച്ചഭക്ഷണം

**പ്രവർത്തനം – 2.8 കെഡിയെൻലൈവ്; കൂടുതൽ സൗകര്യങ്ങൾ**

കെഡിയെൻലൈവ് വീഡിയോ എഡിറ്ററിലെ കൂടുതൽ സൗകര്യങ്ങൾ പരിചയപ്പെടുത്തുന്ന സെഷൻ. സോഫ്റ്റ്‌വെയർ തുറന്ന് പുതിയൊരു പ്രൊജക്ട് തുറന്നാണ് ഈ സെഷനിലെ പ്രവർത്തനം പരിശീലിക്കേണ്ടത്.

വാർത്തകൾക്ക് പുറമേ ഡോക്യുമെന്ററികൾ, ഹ്രസ്വസിനിമകൾ എന്നിവയും സ്കൂൾതല പ്രവർത്തനത്തിന്റെ ഭാഗമായി തയാറാക്കാറുണ്ടല്ലോ. ഇത്തരം പ്രവർത്തനങ്ങളിൽ ഉപയോഗപ്രദമായ ചില എഡിറ്റിങ് സങ്കേതങ്ങളാണ് ഇവിടെ പരിചയപ്പെടുത്തുന്നത്. ഈ സെഷനിൽ പരിചയപ്പെടുന്ന അധിക പ്രവർത്തനങ്ങൾ ഇപ്പോൾ വിക്ടേഴ്സിലേക്ക് തയാറാക്കുന്ന വാർത്തകളിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന കാര്യം ഇവിടെ പ്രത്യേകം പഠിതാക്കളോട് സൂചിപ്പിക്കേണ്ടതാണ്.

**പഠനസാമഗ്രികൾ**

- News_Resources/Day2/Activity2.8 ഫോൾഡറിലെ sepia_tone.mp4 എന്ന വീഡിയോ
- News_Resources/Day2/Activity2.8 ഫോൾഡറിലെ dissolve.webm, fade_In.mp4 എന്നീ ഫയലുകൾ

പരിശീലകൻ അവതരിപ്പിക്കുന്നു.

വാർത്തകൾ തയാറാക്കുന്ന പ്രവർത്തനങ്ങൾക്ക് വീഡിയോ എഡിറ്റിങ് സങ്കേതം ഉപയോഗിക്കുന്നതെങ്ങനെയെന്നാണ് നാം ഇതുവരെ പരിചയപ്പെട്ടത്. എന്നാൽ മറ്റെന്തെല്ലാം പ്രവർത്തനങ്ങൾക്ക് നാം വീഡിയോ എഡിറ്റിങ് ഉപയോഗിക്കാറുണ്ട്?

പഠിതാക്കൾ മറുപടി പറയട്ടെ

.......................................................
.......................................................

**ക്രോഡീകരണം**

- പഠനവിഭവങ്ങൾ തയാറാക്കാൻ
- ഡോക്യുമെന്ററികൾ തയാറാക്കാൻ
- സിനിമകൾ തയാറാക്കാൻ
- സ്കൂളിലെ വിവിധ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ

**പരിശീലകൻ അവതരിപ്പിക്കുന്നു.**

വീഡിയോ റിസോഴ്സുകൾ, ഡോക്യുമെന്ററികൾ, സിനിമകൾ തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾക്ക് നാം വീഡിയോ എഡിറ്റിങ് സങ്കേതം പ്രയോജനപ്പെടുത്താറുണ്ട്. പ്രസ്തുത സമയത്ത് പ്രയോജനപ്പെടുത്താവുന്ന ചില എഡിറ്റിങ് സങ്കേതങ്ങൾ ഇനി നമുക്ക് പരിചയപ്പെടാം.

തുടർന്ന്, റിസോഴ്സ് ഫോൾഡറിലെ sepia_tone.mp4 എന്ന വീഡിയോ പ്രദർശിപ്പിച്ച് അവതരിപ്പിക്കുന്നു.

ഈ വീഡിയോ ശ്രദ്ധിക്കൂ.

മുൻസെഷനിൽ വാർത്ത തയാറാക്കിയപ്പോൾ ഷൂട്ട് ചെയ്ത വിഷ്വലുകൾ അതേ പടി ഉപയോഗിക്കുകയാണ് നാം ചെയ്തത്. എന്നാൽ ഈ വീഡിയോയിലെ വിഷ്വലുകൾ അവ ഷൂട്ട് ചെയ്ത വിഷ്വൽ അതേപടിയല്ല ഉപയോഗിച്ചിരിക്കുന്നത്. എന്ത് മാറ്റമാണ് ഈ വിഷ്വലുകളിൽ വരുത്തിയിരിക്കുന്നത്?
.................................................

പഠിതാക്കൾ മറുപടി പറയട്ടെ

ക്രോഡീകരണം

- കളർടോണിൽ വ്യത്യാസം
- ഇഫക്ട് ചേർത്തിരിക്കുന്നു.(ഡിസോൾവ്)
- ................................................

ഇവിടെ വിഷ്വലുകളിലൂടെ ഒരാശയം/ഭാവം വിനിമയം ചെയ്യാനാണ് sepiatone എന്ന കളർടോൺ ഉപയോഗിച്ചിരിക്കുന്നത്. അതൊരു പക്ഷേ, – പഴയൊരു കാലപ്രതീതി ജനിപ്പിക്കാനാവാം.

വീഡിയോ ഇഫക്ടിലൂടെയാണ് ഇത് ഇവിടെ നിർമ്മിച്ചിരിക്കുന്നത്.

വീഡിയോയിൽ ട്രെയിൻ സഞ്ചരിക്കുന്നതിന്റെ കാലദൈർഘ്യം (കുറഞ്ഞ ദൃശ്യങ്ങളിലൂടെ) കാണിക്കാനാണ് ഡിസോൾവ് എന്ന ഇഫക്ട് ഉൾപ്പെടുത്തിയിരിക്കുന്നത്.

തുടർന്ന്, പരിശീലകൻ News_Resources/Day2/Activity2.8 ഫോൾഡറിലെ dissolve.webm, fade_In.mp4 എന്നീ വീഡിയോ ഫയലുകൾ പ്രവർത്തിപ്പിച്ച് ഡിസോൾവ് ഇഫക്ട് ഉപയോഗിക്കുന്നതിന്റെ വിവിധ സന്ദർഭങ്ങൾ സൂചിപ്പിക്കുന്നു.

- Dissolve വ്യത്യസ്തമായ വിഷ്വലുകൾ കൂട്ടിച്ചേർക്കുമ്പോൾ
- ......................................................................

ഇതു പോലെ fade_In.mp4 എന്ന വീഡിയോയിൽ Fade In, Fade Out എന്ന ഇഫക്ട് ഉപയോഗിച്ചിരിക്കുന്നതിന്റെ സാധുതയും പരിശോധിക്കാൻ പരിശീലകൻ ഓർമ്മിപ്പിക്കുന്നു.

പരിശീലകൻ അവതരിപ്പിക്കുന്നു.

വീഡിയോ എഡിറ്റിങ്ങിൽ ഇഫക്ടുകൾ നൽകുന്ന വിവിധ സന്ദർഭങ്ങൾ നാം പരിചയപ്പെട്ടു കഴിഞ്ഞു. കെഡെൻലൈവിൽ ഇത്തരം ഇഫക്ടുകൾ ഉപയോഗിക്കുന്നവിധം നമുക്ക് പരിചയപ്പെടാം.

**തുടർന്ന്, ചുവടെ നൽകിയ കാര്യങ്ങൾ അവതരിപ്പിക്കുന്നു.**

1. വിക്ടേഴ്സിലേക്ക് സംപ്രേഷണത്തിനായി തയാറാക്കുന്ന വാർത്തകളിൽ ഇത്തരം വിഷ്വൽ ഇഫക്ടുകൾ ആവശ്യമില്ല.

2. ഡോക്യുമെന്ററികൾ തയാറാക്കുമ്പോൾ ആവശ്യമെങ്കിൽ ഉൾപ്പെടുത്താം.

3. വീഡിയോ ക്ലിപ്പുകൾക്ക് Fade In, Fade Out ഇഫക്ടുകൾ നൽകുന്ന വിധം (Video_Editing_Appendix.pdf കാണുക.)

4. വീഡിയോയിൽ ട്രാൻസിഷൻ ഇഫക്ട് നൽകുന്ന വിധം – ഡിസോൾവ് എന്ന ഇഫക്ട് നൽകുന്ന വിധം ഡെമോ ചെയ്യാം. (Video_Editing_Appendix.pdf കാണുക.)

പഠിതാക്കൾ ഈ പ്രവർത്തനം പരിശീലിക്കുന്നു.

**പരിശീലകൻ അവതരിപ്പിക്കുന്നു.**

വാർത്തയിൽ ടൈറ്റിൽ ഉൾപ്പെടുത്തുന്നവിധം നാം പരിചയപ്പെട്ടല്ലോ. മറ്റെന്തെല്ലാം സന്ദർഭങ്ങളിലാണ് വീഡിയോയിൽ ടൈറ്റിലുകൾ ഉൾപ്പെടുത്തുന്നത്?
...................................................................

പഠിതാക്കൾ കൂട്ടിച്ചേർക്കുന്നു.

ക്രോഡീകരണം

- ഡോക്യുമെന്ററിയുടെ/സിനിമയുടെ തുടക്കത്തിൽ
- ഡോക്യുമെന്ററിയുടെ/സിനിമയുടെ അന്ത്യത്തിൽ (Credits)
- .............................................................

സിനിമയുടെ അവസാന ഭാഗത്ത് Credits ആയി crawling text കൾ കാണാറുണ്ടല്ലോ. കെഡിയെൻലൈവിൽ crawling text കൾ തയാറാക്കുന്ന വിധം പരിചയപ്പെടാമെന്ന് സൂചിപ്പിച്ച് അനിമേഷൻ ടൈറ്റിൽ തയാറാക്കുന്ന വിധം ചുവടെ നൽകിയ സൂചനകളുടെ അടിസ്ഥാനത്തിൽ പരിശീലകൻ അവതരിപ്പിക്കുന്നു.

- വിക്ടേഴ്സിലേക്ക് നൽകുന്ന വാർത്തകളിൽ അനിമേഷൻ ടൈറ്റിൽ ആവശ്യമില്ല.
- അനിമേഷൻ ടൈറ്റിൽ നൽകുന്നവിധം (Video_Editing_Appendix.pdf കാണുക.)

പഠിതാക്കൾ അനിമേഷൻ ടൈറ്റിൽ തയാറാക്കി പ്രവർത്തനം പരിശീലിക്കുന്നു. ഇതിനായി ഉപയോഗിച്ച പ്രോജക്ട് ഫയൽ മറ്റൊരു പേരിൽ സേവ് ചെയ്ത് ക്ലോസ് ചെയ്യുന്നു.

**പ്രവർത്തനം – 2.9 വീഡിയോ എക്സ്പോർട്ട്**

പ്രവർത്തനം 2.7 ന്റെ തുടർച്ചയായുള്ള സെഷൻ. പ്രസ്തുത സെഷനിൽ സേവ് ചെയ്ത് സൂക്ഷിച്ച് പ്രൊജക്ട് ഫയൽ തുറന്നാണ് ഈ പ്രവർത്തനം തുടരേണ്ടത്.

പരിശീലകൻ അവതരിപ്പിക്കുന്നു.

വാർത്തയുടെ എഡിറ്റിങ് പ്രവർത്തനങ്ങളെല്ലാം നാം പൂർത്തീകരിച്ചുവല്ലോ. ഇപ്പോൾ ടൈംലൈനിൽ ക്രമീകരിച്ചിരിക്കുന്ന ക്ലിപ്പുകളെല്ലാം ചേർത്ത് ഒറ്റ ഫയലാക്കിയാലേ വാർത്ത സംപ്രേഷണം ചെയ്യാൻ ഉതകുന്ന രീതിയിലാവൂ. ഇതിനായി അവ എക്സ്പോർട്ട് ചെയ്യേണ്ടതുണ്ട്.

തുടർന്ന്, കെഡിയെൻ ലൈവിൽനിന്നും വീഡിയോ എക്സ്പോർട്ട് ചെയ്യുന്നവിധം അവതരിപ്പിക്കുന്നു.

ചുവടെ നൽകിയ കാര്യങ്ങളുടെ വിശദാംശങ്ങളാണ് ഇവിടെ അവതരിപ്പിക്കേണ്ടത്.

- വിക്ടേഴ്സിലേക്ക് സംപ്രേഷണത്തിനായി തയാറാക്കുന്ന വീഡിയോയുടെ ഫോർമാറ്റ് (MP4)
- റെൻഡർ സെറ്റിങ്സ് ( Video_Editing_Appendix.pdf കാണുക.)
- റെൻഡർ സോൺ ക്രമീകരിക്കുന്ന വിധം
- പ്രൊജക്ട് ഫയൽ സേവ് ചെയ്ത് സൂക്ഷിക്കേണ്ട ആവശ്യകത
  - ഇപ്പോൾ തയാറാക്കുന്ന വീഡിയോയിൽ എന്തെങ്കിലും കൂട്ടിച്ചേർക്കേണ്ടതുണ്ടെങ്കിൽ പ്രൊജക്ട് ഫയൽ ആവശ്യമാണ്. ആയതിനാൽ പ്രസ്തുത പ്രൊജക്ട് ഫയൽ സേവ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്

**ഉച്ചക്ക് 2.30 മുതൽ 3.30 വരെ**

**പ്രവർത്തനം – 2.10 വാർത്ത – പ്രദർശനം**

ഓരോ ഗ്രൂപ്പും തയാറാക്കിയ വാർത്തകളുടെ പ്രദർശനം ഈ സെഷനിൽ നടക്കേണ്ടതാണ്.

രണ്ട് പേർ ചേർന്നുള്ള ഗ്രൂപ്പുകളായാണ് വീഡിയോ എഡിറ്റിങ് സെഷനിൽ പ്രവർത്തനം ചെയ്യുന്നതെങ്കിലും ഇതിൽനിന്ന് മികച്ച ഉല്പന്നമാണ് പ്രദർശനത്തിനായി തിരഞ്ഞെടുക്കേണ്ടത്.

ഓരോ ഗ്രൂപ്പിന്റെയും ഉല്പന്നങ്ങളെക്കുറിച്ചുമുള്ള മറ്റു ഗ്രൂപ്പുകളുടെ അഭിപ്രായം പ്രത്യേകം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ചുവടെ നൽകിയ കാര്യങ്ങൾ ഇതിൽ ഉണ്ടാവേണ്ടതാണ്.

- മികവുകൾ
- ഉല്പന്നം എങ്ങനെ മെച്ചപ്പെടുത്താം – നിർദ്ദേശങ്ങൾ
- വാർത്ത തയാറാക്കിയപ്പോൾ അനുഭവിച്ച വെല്ലുവിളികൾ, പരിമിതകൾ

എല്ലാവരുടെയും ഉല്പന്നങ്ങളുടെ അവതരണത്തിന് ശേഷമാണ് ഓരോ ഗ്രൂപ്പിന്റെയും വിലയിരുത്തലുകൾ അവതരിപ്പിക്കാൻ അവസരം നൽകേണ്ടത്.

**ഉച്ചക്ക് 3.30 മുതൽ 3.45 മണി വരെ**

**പ്രവർത്തനം – 2.11 വാർത്ത – വിക്ടേഴ്സിൽ അയക്കൽ**

ഓരോ സ്കൂളിൽനിന്നും തയാറാക്കിയ വാർത്തകൾ വിക്ടേഴ്സിലേക്ക് നൽകുന്ന പ്രത്യേക സംവിധാനം കൈറ്റ് ഒരുക്കിയിട്ടുണ്ട്. ഈ സംവിധാനം പരിചയപ്പെടുത്തുകയാണ് ഇവിടെ ചെയ്യുന്നത്.

തയാറാക്കിയ ഉല്പന്നം ഓൺലൈൻ സംവിധാനം വഴി അയക്കുന്ന വിധം പരിശീലകൻ അവതരിപ്പിക്കുന്നു.

കൈറ്റ് ലഭ്യമാക്കിയ ലിങ്കിൽ തുറന്ന് സ്കൂളിന്റെ യൂസർനാമവും പാസ്‌വേഡും നൽകി ലോഗിൻ ചെയ്താണ് ഫയൽ അപ്‌ലോഡ് ചെയ്യേണ്ടത്.

**ഉച്ചക്ക് 3.45 മുതൽ 4.15 മണി വരെ**

- **ഫീഡ് ബാക്ക്**
- **കോഴ്സ് സമാപനം**